# തിരുഹൃദയ മാസിക
(The Sacred Heart Monthly)

**Vol. 80**
**2015 September**


## സമർപ്പിത വർഷം

80
Years of
Publication


*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലറുകൾ
- കൂരിയ വാർത്തകൾ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ- പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- വിശ്വാസപരിശീലന കമ്മീഷൻ
- ഫാമിലി കമ്മീഷൻ
- ലീജിയൻ ഓഫ് മേരി
- ചെറുപുഷ്പ മിഷൻലീഗ്
- സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി
- കെ.സി.വൈ.എൽ.
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- അഭി. പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ



## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 174
**അതിരൂപതാ ദിനം 2015**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 06-08-2015

പ്രിയ ബഹു. അച്ചാ,

ക്നാനായ ജനതയുടെ സഭാധിഷ്ഠിതമായ വിശ്വാസ ജീവിതയാത്രയിൽ ദൈവം നൽകിയ വലിയ അനുഗ്രഹവും സഭയുടെ അംഗീകാരവുമായിട്ടാണല്ലോ 1911 ആഗസ്റ്റ് 29ന് 'ഇൻ യൂണിവേഴ്സി ക്രിസ്ത്യാനി' എന്ന തിരുവെഴുത്തു വഴി തെക്കുംഭാഗ കത്തോലിക്കർക്ക് മാത്രമായി കോട്ടയം വികാരിയാത്ത് വിശുദ്ധ പത്താം പിയൂസ് മാർപ്പാപ്പയാൽ സ്ഥാപിതമായത്.

ദൈവം തനിക്കിഷ്ടമുള്ളവരെ തെരഞ്ഞെടുക്കുകയും ദൈവരാജ്യ സ്ഥാപനത്തിൽ പ്രത്യേകമാംവിധം പങ്കാളികളാക്കുകയും ചെയ്യുന്നു. നാലാം നൂറ്റാണ്ടിൽ സെലൂഷ്യ-സ്റ്റെസിഫോണിലെ സഭാതലവനായിരുന്ന കാതോലിക്കോസിന്റെ അനുഗ്രഹാശീർവ്വാദങ്ങളോടെ ഉറഹാ മാർ യൗസേപ്പിന്റെയും ക്നായിതോമ്മായുടെയും നേതൃത്വത്തിൽ ഭാരതത്തിലേക്ക് അയയ്ക്കപ്പെട്ട ക്നാനായ സമൂഹം അന്നുമുതൽ ഒരു മെത്രാന്റെ ആദ്ധ്യാത്മിക നേതൃത്വത്തിൽ പൂർണ്ണമായ ഒരു സഭാഘടകമായിട്ടാണ് ഇവിടെ ജീവിച്ചതും പ്രവർത്തിച്ചതും. 16-ാം നൂറ്റാണ്ടിനുശേഷം ക്നാനായക്കാർക്ക് സ്വന്തം മെത്രാന്മാരെ നിയമിക്കുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടായെങ്കിലും സമുദായത്തിലെ വൈദികരുടേയും ശക്തമായ അൽമായ നേതൃത്വത്തിന്റെയും പിൻബലത്തിൽ സഭയോടുള്ള വിശ്വസ്തതയിലും സാമുദായിക പൈതൃകത്തിലും ഉറച്ചു നിന്ന ഈ സമുദായത്തിന്റെ സഭാത്മക അസ്തിത്വത്തെ അംഗീകരിച്ചുകൊണ്ട് 1911 ൽ സാർവ്വത്രിക സഭ ക്നാനായ സമുദായത്തെ ഒരു പ്രത്യേക രൂപതയായി ഉയർത്തുകയാണ് ചെയ്തത്. വിശ്വാസ നിറവിൽ തനിമയിലും ഒരുമയിലും ജീവിച്ചുകൊണ്ട് അതിരൂപതയുടെ അതിർത്തികൾക്കപ്പുറത്തേക്ക് വ്യാപിച്ചു കൊണ്ടിരിക്കുന്ന ഈ സമുദായം അയ

യ്ക്കപ്പെടുന്ന സ്ഥലങ്ങളിലെല്ലാം തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിച്ചുകൊണ്ട് സഭയെ ശക്തിപ്പെടുത്തുന്നതിൽ ബദ്ധശ്രദ്ധയാണ്.

രൂപതാ സ്ഥാപനത്തിലൂടെ ക്നാനായ സമുദായത്തിനുണ്ടായ അത്ഭുതാവഹമായ വളർച്ചയെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചുകൊണ്ട് കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ സമുദായ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു വന്നിരുന്ന രൂപതാ ദിനം അതിരൂപതാ തലത്തിൽ തന്നെ ആഘോഷിക്കണമെന്ന് കഴിഞ്ഞ അതിരൂപതാ അസംബ്ലി നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശം നമ്മുടെ അതിരൂപതാ വൈദിക സമിതിയിലും പാസ്റ്ററൽ കൗൺസിലിലും പരിഗണിക്കുകയും ഈ വർഷം മുതൽ ആഗസ്റ്റ് മാസം 29 നോ അതിനോടടുത്ത സൗകര്യപ്രദമായ ദിനത്തിലോ അതിരൂപതാ തലത്തിൽ ഈ ദിനം ആചരിക്കണമെന്നു നാം തീരുമാനിക്കുകയും ഉണ്ടായി. അതിന്റെ വെളിച്ചത്തിൽ ഈ വർഷം ആഗസ്റ്റ് മാസം 29-ാം തീയതി ശനിയാഴ്ച തൂവാനിസയിൽ വച്ച് നാം അതിരൂപതാ ദിനമായി ആഘോഷിക്കുന്നതാണ്. അതിനൊരുക്കമായി ആഗസ്റ്റ് മാസം 23-ാം തീയതി ഞായറാഴ്ച ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ പതാകദിനമായി ആചരിക്കുകയും അതിന്റെ ഭാഗമായി അന്നേ ദിവസം വി. കുർബ്ബാനയ്ക്കു ശേഷം നമ്മുടെ എല്ലാ ഇടവകകളിലും അതിരൂപതാ പതാക ഉയർത്തുകയും ചെയ്യണം.

രൂപതാസ്ഥാപകദിനമായ 29-ാം തീയതി ശനിയാഴ്ച നമ്മുടെ തലപ്പള്ളിയായ കടുത്തുരുത്തി വലിയ പള്ളിയിൽ നിന്നും അതിരൂപതയുടെ യുവജനസംഘടനയായ കെ.സി.വൈ.എൽ നയിക്കുന്ന പതാക പ്രയാണം ഉച്ചകഴിഞ്ഞ് 2 മണിക്ക് തൂവാനിസയിലെത്തിച്ചേരും. തുടർന്ന് സമൂഹബലിയും പൊതുസമ്മേളനവും നടത്തപ്പെടുന്നതാണ്.

നമ്മുടെ അതിരൂപതയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള പങ്കാളിത്തം രൂപതാ സ്ഥാപകദിനത്തിൽ ഉണ്ടാകണം. മദ്ധ്യതിരുവിതാംകൂറിലെ എല്ലാ ഇടവകകളിൽ നിന്നും ഇടവക ജനങ്ങളെ പ്രതിനിധീകരിച്ച് മുഴുവൻ പാരീഷ് കൗൺസിൽ അംഗങ്ങളും ഇടവക വികാരിയുടെ നേതൃത്വത്തിൽ ആഘോഷങ്ങളിൽ പങ്കെടുക്കണം. മലബാർ തുടങ്ങിയ അകലെയുള്ള പ്രദേശങ്ങളിൽ നിന്നും സാധിക്കു

ന്നത്ര പ്രതിനിധികളുടെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

ആഗസ്റ്റ് മാസം 29-ാം തീയതി തൂവാനിസയിൽ എത്തിച്ചേരാൻ സാധിക്കാതെ നമ്മുടെ അതിരൂപതക്കുള്ളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും വസിക്കുന്ന എല്ലാ ക്നാനായ മക്കൾക്കും ആത്മീയമായിട്ടെങ്കിലും ഈ ദിനാഘോഷത്തിൽ പങ്കുചേരുവാനും ക്നാനായ കൂട്ടായ്മ ആസ്വദിക്കുവാനും സാധിക്കട്ടെ. വിവിധങ്ങളായ പ്രതിസന്ധി ഘട്ടങ്ങളെ ദൈവത്തിൽ ആശ്രയിച്ച് അതിജീവിക്കുകയും കടന്നു പോന്ന വഴികളിലെല്ലാം വിശ്വാസ ദീപം തെളിയിച്ച് സഭയ്ക്ക് ശക്തിപകരുകയും ചെയ്ത നമ്മുടെ പിതാക്കന്മാരേയും വൈദികരേയും അൽമായരേയും നമുക്ക് ഈ അവസരത്തിൽ നന്ദിയോടെ അനുസ്മരിക്കാം. അവർ നൽകിയ ധീരമായ മാതൃക ആധുനിക ലോകത്തിൽ ക്നാനായ സമുദായം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ ധൈര്യപൂർവ്വം നേരിടുവാനും വിശ്വാസ നിറവിൽ വളർന്ന് തനിമയിലും ഒരുമയിലും കൂടുതൽ കരുത്തോടെ മുന്നേറുവാനും ആഗതമാകുന്ന അതിരൂപതാ ദിനാചരണം നമുക്ക് ശക്തി പകരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ ഓഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിച്ചറിയിക്കേണ്ടതാണ്.

# കൂരിയ വാർത്തകൾ

## രാമനാഥപുരം സീറോമലബാർ രൂപതാ കാര്യാലയത്തിൽ നിന്നുള്ള അറിയിപ്പ്

ഈശോ മിശിഹായിൽ സ്നേഹമുള്ളവരേ,

ഒരു പ്രത്യേക കാര്യത്തിനായിട്ടാണ് ഞാൻ ഈ കത്തെഴുതുന്നത്. രൂപതാ ബുള്ളറ്റിന്റെയും (സാൻതോം വോയ്സ്) "ത്രിയേക"ത്തിന്റെയും കഴിഞ്ഞ ലക്കത്തിൽ (ജൂൺ 2015) എറണാകുളം അങ്കമാലി അതിരൂപതാ കാര്യാലയത്തിൽ നിന്ന് ലഭിച്ച ഒരു വാർത്ത "അറിയിപ്പ്" എന്ന ശീർഷകത്തിൽ രൂപതാ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു.

ഡോട്ടേഴ്സ് ഓഫ് ചാരിറ്റി ഓഫ് ദി മോസ്റ്റ് പ്രഷ്യസ് ബ്ലഡ് (DCPB) എന്ന സന്യാസിനീ സമൂഹത്തിലെ അംഗമായിരുന്ന ഡോ. ലീന മാളിയേക്കലിന്റെ സന്യാസ സമൂഹാംഗത്വം വത്തിക്കാനിലെ സന്യാസ സമൂഹങ്ങൾക്കും അപ്പസ്തോലിക സമൂഹങ്ങൾക്കും വേണ്ടിയുള്ള കാര്യാലയത്തിന്റെ തീരുമാനപ്രകാരം (Prot.No. 23076/2011) റദ്ദാക്കിയെന്നും, ഡോ. ലീന തനിക്ക് ലഭിച്ചുവെന്ന് പറയുന്ന "വെളിപാടുകളെ" ആസ്പദമാക്കി ഒരു സമൂഹം രൂപീകരിക്കുകയും വെളിപാടും വിശ്വാസവും സംബന്ധിച്ച കത്തോലിക്കാസഭയുടെ ഔദ്യോഗിക നിലപാടുകൾക്ക് വിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തതിനാൽ ആവശ്യമായ പഠനങ്ങൾക്കും പ്രാർത്ഥനാപൂർവ്വമായ ആലോചനകൾക്കും ശേഷം എറണാകുളം-അങ്കമാലി അതിരൂപതാദ്ധ്യക്ഷൻ അത്തരം "വെളിപാടുകൾ" പഠിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും നിന്ന് ഡോ. ലീനയെ വിലക്കിയിട്ടുണ്ടെന്നും പറഞ്ഞുകൊണ്ടുള്ള അറിയിപ്പായിരുന്നു അത്. ഡോ. ലീനയുടെ അത്തരം പ്രവർത്തനങ്ങൾക്ക് സഭയുടെ അംഗീകാരമില്ലെന്നും അറിയിപ്പിൽ പറഞ്ഞിട്ടുണ്ട്. (എറണാകുളം മിസ്സം" ഏപ്രിൽ 2015, പി. 37).

സഭയുടെ വിശ്വാസപൈതൃകം സഭയുടെ പൊതുസമ്പത്താണ്, അത് അഭംഗുരം കാത്തുസൂക്ഷിക്കാനും വ്യാഖ്യാനിച്ചുകൊടുക്കാനുമുള്ള ഉത്തരവാദിത്വം കർത്താവ് തിരുസ്സഭയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ തിരുസഭാനേതൃത്വം ഈ ദൈവിക ദൗത്യം നിർവ്വഹിക്കുന്നു.

സഭയുടെ ഇപ്രകാരമുള്ള വിശ്വാസനിക്ഷേപം ദൈവികവെളിപാടിലൂടെ രൂപപ്പെട്ടതാണ്. വി. പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ, "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആഗ്ര

ഹിക്കുന്ന" (1 തിമോ 2:4) ദൈവം പഴയനിയമകാലം മുതൽ വെളിപാടുകൾ നൽകിയിരുന്നുവെങ്കിലും, ഹെബ്രായർക്കുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഈശോമിശിഹായിലാണ് ഈ വെളിപാടിന്റെ പൂർണ്ണത നാം കാണുന്നത്. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ. 1:1–2). അതുകൊണ്ടു സഭ പഠിപ്പിക്കുന്നു, "മനുഷ്യനായി തീർന്ന ദൈവപുത്രനായ ക്രിസ്തു പിതാവിന്റെ ഏകവും പരിപൂർണ്ണവും അദ്വിതീയവുമായ വചനമാണ്. അവനിൽ ദൈവം സർവ്വതും സംസാരിച്ചിരിക്കുന്നു. ഈ വചനമല്ലാതെ മറ്റൊരു വചനം ഇനി ഉണ്ടാകാനില്ല" ("കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം", നമ്പർ 65). ഈയർത്ഥത്തിൽ യേശുക്രിസ്തുവിനെ "എല്ലാ വെളിപാടിന്റെയും മദ്ധ്യസ്ഥനും പൂർണ്ണത" യുമായി കാണുന്ന സഭ (രണ്ടാം വത്തിക്കാൻ സൂനഹദോസ്, "ദൈവാവിഷ്ക്കരണം"). ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ രണ്ടാമത്തെ വരവിനുമുമ്പായി ഒരു പരസ്യവെളിപാടും ഉണ്ടാകുകയില്ല എന്ന് വിശ്വസിക്കുന്നു. തന്റെ ജീവിതവും പ്രബോധനങ്ങളും ജീവത്യാഗവും വഴി നിത്യരക്ഷയുടെ മാർഗ്ഗം തുറന്നുകൊടുത്ത കർത്താവ് ജീവിക്കുന്നവരേയും മരിച്ചവരേയും ജീവിതമനുസരിച്ച് വിധിക്കാൻ രണ്ടാമത് വരുമെന്നല്ലെ നാം വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നത് (1 തിമോ. 6:14, തീത്തൂസ്. 2:13). അതായത് വി. തോമസ് അക്വീനാസ് പ്രസ്താവിച്ചിരിക്കുന്നതുപോലെ എല്ലാ പരസ്യവെളിപാടുകളും അവസാനത്തെ അപ്പസ്തോലന്റെ മരണത്തോടെ കഴിഞ്ഞു എന്നത് സഭയുടെ വിശ്വാസപാരമ്പര്യമാണ്.

ഇത്തരുണത്തിൽ സ്വകാര്യവെളിപാടുകളെപ്പറ്റിയും ചിന്തിക്കുന്നതു നല്ലതാണ്. അതേപ്പറ്റിയുള്ള സഭയുടെ പ്രബോധനം ഇപ്രകാരമാണ്: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ പ്രത്യക്ഷപ്പെടലിനു മുമ്പായി നാം ഇനി ഒരു പരസ്യ വെളിപാടും പ്രതീക്ഷിക്കേണ്ടതില്ല" (1 തിമോ. 6:14, തീത്തൂസ് 2:13). "സ്വകാര്യവെളിപാടുകൾ", ചിലതിന് സഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും, അവ ക്രിസ്തുവിൽ പൂർണ്ണമാക്കപ്പെട്ട വെളിപാടിനെ" മെച്ചപ്പെടുത്തുകയോ" പൂർത്തീകരിക്കുകയോ" അല്ല, ചരിത്രത്തിന്റെ പ്രത്യേക കാലഘട്ടത്തിൽ കൂടുതൽ പൂർണ്ണമായി ജീവിക്കാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. അവയെ വിവേചിച്ചറിഞ്ഞു അംഗീകരിക്കാനുള്ള അധികാരം സഭയുടെ പ്രബോധനാധികാരത്തിനാണ്. ഈയർത്ഥത്തിൽ, ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട ദൈവാവിഷ്ക്കാരത്തെ മറികടക്കുന്നതെന്നോ തിരു

ത്തുന്നതെന്നോ നടിക്കുന്ന "വെളിപാടുകളെ" അംഗീകരിക്കാൻ ക്രൈസ്തവ വിശ്വാസത്തിന് കഴിയുകയില്ല. ചില അക്രൈസ്തവ മതങ്ങളും സമീപകാലത്ത് രൂപംകൊണ്ട ചില ക്രിസ്തീയ സെക്റ്റുകളും മേൽവിവരിച്ച തരത്തിലുള്ള വെളിപാടുകളേയും ദർശനങ്ങളേയും ആധാരമാക്കിയുള്ളതാണെന്ന് സഭ പഠിപ്പിക്കുന്നു (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, നമ്പർ 67).

ഈ പശ്ചാത്തലത്തിലാണ് ഡോ. ലീന മാളിയേക്കലിന് ലഭിച്ചുവെന്ന് പറയുന്ന വെളിപാടുകളെ (ഉണ്ണീശോ സംസാരിക്കുന്നു, ഉണ്ണീശോ വീണ്ടും ജനിക്കാൻ പോകുന്നു എന്നിവ) കാണേണ്ടത്. യേശുക്രിസ്തു നിത്യം ജീവിക്കുന്ന ദൈവപുത്രനാണ്. അവിടുന്ന് ഇന്നും സ്വകാര്യ വെളിപാടുകളിലൂടെയും ദർശനങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും രോഗശാന്തികളിലൂടെയും ജാതി-മത ഭേദമന്യേ മനുഷ്യർക്ക് രക്ഷയുടെയും സമാധാനത്തിന്റെയും അനുഭവം പകരുന്നു. എന്നാൽ ഇത്തരം വെളുപാടുകളുടെയും അത്ഭുതങ്ങളുടെയും നിജസ്ഥിതിയും ദൈവികമായ സുതാര്യതയും ഔദ്യോഗികമായി പഠിച്ച് ദൈവജനത്തെ അറിയിക്കേണ്ടത് സഭയുടെ പ്രബോധനാധികാരമുള്ള സമിതിയാണ്. ഒരു മെത്രാനോ, വൈദികനോ, സന്യാസിനിയോ, അല്മായനോ ഒറ്റയ്ക്ക് ചെയ്യേണ്ടതല്ല അത്. ദൈവം ഒരു വ്യക്തിയിലോ ഒരു സ്ഥലത്തോ ഒരു സമൂഹത്തിലോ ഇടപെടാനോ അതിസ്വാഭാവികമായത് നിർവ്വഹിക്കാനോ ആഗ്രഹിക്കുന്നുവെങ്കിൽ അത് തടയാൻ ഈ ലോകത്തിൽ ആർക്കും സാധിക്കുകയില്ല. അതേ സമയം അത്തരം ഇടപെടലുകളുടെ നിജസ്ഥിതിയും സത്യാവസ്ഥയും അറിയാൻ ബന്ധപ്പെട്ട സഭാധികാരിയുടെ തീരുമാനത്തിനായി ഓരോ സഭാംഗവും ക്ഷമയോടെ, പ്രാർത്ഥനാപൂർവ്വം കാത്തിരിക്കണം. അപ്രകാരം ചെയ്യാതെ, സഭാധികാരത്തെ ചോദ്യം ചെയ്തും അനുസരിക്കാതെയും സഭാവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നത് ദൈവജനത്തിന്, അതിലുപരി നേതൃനിരയിലുള്ള ഒരു വൈദികന്, സന്യാസിക്ക്, സന്യാസിനിക്ക് ഒരിക്കലും ചേർന്നതല്ല.

കത്തോലിക്കാ ക്രിസ്തീയ ജീവിതത്തിന്റെ ആത്മാവ് പ. ത്രിത്വത്തിലും ക്രിസ്തുവിന്റെ തുടർച്ചയായ സഭയിലുമുള്ള വിശ്വാസമാണ്. അത് ക്രിസ്തുവിൽ പൂർത്തിയാക്കപ്പെട്ട വെളിപാടിൽ അധിഷ്ഠിതവുമാണ്. മാനുഷികമായ എന്തെല്ലാം ഗുണങ്ങളും കഴിവുകളും ഒരു സഭാംഗത്തിനുണ്ടായാലും ഈ വിശ്വാസത്തിൽ കലർപ്പുണ്ടായാൽ അത് ക്രിസ്തീയ ജീവിതത്തേയും സാക്ഷ്യത്തേയും നിഷേധാത്മകമായി ബാധിക്കും. ഈയർത്ഥത്തിൽ ഡോ. ലീന മാളിയേക്കലും അവരെ അനു

കൂലിക്കുന്നവരും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന സഭാവിരുദ്ധ പ്രവർത്തനം സഭാ സമൂഹത്തിൽ അസ്വസ്ഥത ഉണ്ടാക്കാൻ മാത്രമെ ഉപകരിക്കൂ. നിർഭാഗ്യവശാൽ, ഡോ. ലീനയെ അനുകൂലിക്കുന്നവരുടെ കൂട്ടത്തിൽ നമ്മുടെ രൂപതയിലെ ഫാ. സെബാസ്റ്റ്യൻ (സെബി) കുണ്ടുകുളവും (ഗാന്ധിപുരം ഇടവക) പെട്ടുവെന്നത് ഏറെ വേദനാജനകമാണ്. നമുക്ക് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം.

സത്യത്തിന്റെ പൂർണ്ണതയായ ക്രിസ്തുവിന്റെ പ്രതിനിധിയും സഭയുടെ നാവുമാകാൻ വിളിക്കപ്പെട്ട ഒരു വൈദികൻ സഭയുടെ ഔദ്യോഗിക പഠനങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുന്നതും എഴുതുന്നതും സഭാവിരുദ്ധ പ്രസ്ഥാനങ്ങളിൽ മുഴുകുന്നതും ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്നും ഡോ. ലീനയ്ക്ക് ലഭിച്ചുവെന്ന് പറയുന്ന വെളിപാടുകളെപ്പറ്റിയുള്ള സഭയുടെ ആത്യന്തിക നിലപാട് അറിയുന്നതുവരെ ക്ഷമാപൂർവ്വം കാത്തിരിക്കണമെന്നും ബ. സെബാസ്റ്റ്യനച്ചനോട് നേരിട്ടും എഴുത്തിലൂടെയും ബന്ധപ്പെട്ട വ്യക്തികളിലൂടെയും ഞാൻ പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ഒരു തരത്തിലും സഭയുടെ മുഖ്യധാരയിലേക്കും പൗരോഹിത്യ ശുശ്രൂഷയിലേയ്ക്കും തിരിച്ചുവരാൻ തയ്യാറല്ലെന്നു അച്ചൻ എഴുതി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് രൂപതയിൽ അദ്ദേഹത്തിന്റെ നിലവിലുള്ള ശുശ്രൂഷകളിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കിയതും പൗരോഹിത്യ-അജപാലനശുശ്രൂഷകളിൽ നിന്ന് മറിച്ചൊരു തീരുമാനമുണ്ടാകുന്നതുവരെ അദ്ദേഹത്തിന് മുടക്ക് ഏർപ്പെടുത്തിയിട്ടുള്ളതും (കല്പന നമ്പർ 86/2015, 05.06.2015). ഈ തീരുമാനം 08.06.2015 ന് പ്രാബല്യത്തിലായി. അതനുസരിച്ച് തിരുവചനം പ്രഘോഷിക്കുവാനും വി. ബലിയർപ്പിക്കാനും മറ്റു കൂദാശകളും കൂദാശാനുകരണങ്ങളും (വി. കുർബാന എഴുന്നെള്ളിച്ച് വച്ചുകൊണ്ടുള്ള പ്രാർത്ഥന, ആരാധന ഉൾപ്പെടെ) പരികർമ്മം ചെയ്യാനും പാരാലിറ്റർജിക്കൽ ശുശ്രൂഷകൾക്കും മറ്റു ഭക്തകൃത്യങ്ങൾക്കും നേതൃത്വം വഹിക്കാനും അച്ചന് അനുവാദമില്ല. ഇക്കാര്യം സന്യസ്തരുൾപ്പെടെയുള്ള എല്ലാ വൈദികരും മറ്റു സന്യസ്തരും അല്മായരും മനസ്സിലാക്കണം എന്ന് അറിയിക്കുന്നു.

അതനുസരിച്ച്, ഡോ. ലീനയോ, ഫാ. സെബാസ്റ്റ്യൻ കുണ്ടുകുളമോ മറ്റാരെങ്കിലുമോ നേതൃത്വം വഹിക്കുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ആയ ഒരു സഭാവിരുദ്ധ പ്രസ്ഥാനത്തിലേയ്ക്കും തെറ്റിദ്ധരിച്ചു പോകരുത് എന്നുകൂടി ഇത്തരുണത്തിൽ സഭാവിശ്വാസികളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരെങ്കിലും അങ്ങനെയുള്ള പ്രസ്ഥാനങ്ങളി

ലേക്ക് പോകുകയോ പോകാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്താൽ അവർക്കെതിരെ സഭാപരമായ നടപടികളുണ്ടാകുമെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുന്നു.

വി. ആഗസ്തിനോസിന്റെ വാക്കുകളും ബോദ്ധ്യവും ഇത്തരുണത്തിൽ നമുക്ക് സ്വന്തമാക്കാം; "ക്രിസ്തീയ ജീവിതം പ. ത്രിത്വത്തിൽ വിശ്വസിച്ച് സഭയിലൂടെ സഞ്ചരിച്ച് നിത്യജീവിതത്തിലെത്തിച്ചേരലാണ്." ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട പ. ത്രിത്വത്തിൽ വിശ്വസിച്ച്, വി. പത്രോസിന്റെ നേതൃത്വത്തിന് ഭരമേല്പ്പിക്കപ്പെട്ട സഭയിലൂടെ സഞ്ചരിച്ച് സ്വർഗ്ഗരാജ്യത്തിലെത്തിച്ചേരാൻ നമുക്ക് ഏക മനസ്സോടെ, ഒറ്റക്കെട്ടായി മുന്നേറാം. പ. അമ്മ തന്റെ തിരുക്കുമാരനോടു ചേർത്ത് പിടിച്ച് നമ്മെ വഴി നടത്തട്ടെ!

സ്നേഹപൂർവ്വം

✠ **മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാ മെത്രാൻ

## New Appointments

Fr. Jinu Kavil: Joint-Director, Caritas Hospital

Fr. Jijo Nellikkakandathil: Pastoral Co-ordinator, Chaithanya Commissions & Assistant Director, Chaithanya.

Fr. Simon Pazhukayil : Chaplain Saubhagya, Peroor.

Fr. Jacob Thadathil: On leave.

### Bible Commission

Fr. George Puthuparambil (Chariman), Fr. Bineesh Mangottil , Sr. Ancitom SVM, Sr. Neetta SJC, Sr. Renit SJC, Sr. Rejeena SVM, Mr. Sabu Mathew, Koithara, Mr. Shelly Joseph, Alappattu, Mrs. Jancy Joseph, Kunnathettu, Mr. Nimmichan, Vadakkamcheril, Mr. Stephen Abraham, Odimuzhangayil, Mr. Manoj Joseph, Thaikottu, Mr. Baiju, Velikizhaklethil, Miss Suja Puthiyaparambil.

### Vocation Commission

Fr. Biby Tharayil (Chairman), Fr. Stepehen Vettuvelil, Fr. Thomas Mughayappallil OSH, Fr. Biju Vallarkkattil OSB, Fr. Joby Puchookandathil, Sr. Elsia LDSJG, Sr. Tomy SJC, Miss Nisha CSI, Prof. T.M Joseph Thekkemperumalil.

## Charismatic Commission

Fr. Jibil Kuzhivelil (Chairman), Sr. Bruna LDSJG, Sr. Mariapia LDSJG, Mr. Tomy Thayil, Mr. Thomas Kurian, Mr. Abraham Kizhavallil, Mr. Jose Chooravelil, Mr. Joy Kunnath, Mr. John Kollarett, Mr. James Koratty, Mr. James Erikatt, Mr. Philip Thottikkat, Mr. Kunjumon Kallumkal, Mr. Kunjumon Vellappally, Mr. Sabu Mundakaparamabil.

## Catechetical Commission

Fr. Jijo Nellikakandathil (Chairman), Fr. Bineesh Mangottil, Sr. Ayona SVM, Sr. Alexy SVM, Sr. Prakash SJC, Sr. Thejas SJC, Mr. Tom Mathew Karikulam, Mr. U.K Stephen, Urumbil, Mr. James Joseph Karimpanachalil, Mr. Mathews Jerry, Mulloor, Mr. A. C Lukose, Andoor, Mr. Benny Vattamthottiyil, Mr. Thomas Mathew Koyithara, Mr. Mathew Philip, Palakan, Mr. Chandy Jacob, Poozhikunnel, Mr. Vincent Randakattil, Mr. M.A. Thomas, Mundackal, Mr. James Philip, Thottathil, Mr. Shely Joseph, Mrs. Beena Joseph, Thekkuperumalil, Mrs. Jaimol Mathew, Vellamattom, Mrs. Pennamma Moolakkatt, Miss. Loucy Philip CSI.

## Liturgy Commission

Rev. Fr. Jijo Nellikakandathil (Chairman), Fr. George Karukaparambil, Fr. Jose Tharapputhottiyil, Fr. George Kurisummoottil, Fr. Thomas Mughayappallil OSH, Sr. Akhila SJC, Sr. Mercelet SVM, Miss. Thresiamma CSI, Sr. Ann Sony LDSJG, Mr. Jose Ayinipurath, Mr. Biju K Stephen, Adv. Aji Koyickal.

## Labour Commission

Fr. Bins Chethalil (Chairman), Fr. Bibin Kandoth, Sr. Jyothis SVM, Mr. Cyriac Chazhikadan, Mr. Jose Chittampadam, Mr. Thomas K.T, Kaniyanthottiyil, Mr. Mathewkutty Pralelpu thenpura, Mr. C.U Lukose, Chamakalakizhakethil, Mr. Thomas N.C, Nedumchira, Mr. Thomas Elayidath, Mr. N.J Michael, Nettukattu, Mr. Siby Aikkarathundathil, Mr. K.M Chacko Kallupurackal, Mr. A. J Chacko Edanattukalayil.

### Family Commission

Fr. Bressan Ozhungalil (Chairman), Fr. Thomas Kottoor, Fr. Saji Kochuparambil, Sr. Marcelius SVM, Sr. Blessy SVM, Sr. Basil SJC, Sr. Santhamma CSI, Mr. Jose Pukkumbel, S.H Mount, Adv. Aji Koyickal, Abraham Kalarickal, Eranakulam, Prof. Daisy Pachikara.

### Ecumenical Commission

Fr. Thomas Kaitharam (Chairman), Fr. Johnson Neelanirappel, Rev. Fr. Baiju Mukalel, Mr. Selby Abraham Vadakkedath, Mr. P.K. Kunjunjkutty Pullatharamyalil, Mr. Sabu Pranickal, Mr. Babu Kizhakkethil, Adv. Jose Philip Chengalavan, Mrs. Jessy Thomas Cheruparambil.

### Social Action Commission

Pro- Protosyncellus (Chairman), Syncellus - Malankara, Procurator, Archdiocese of Kottayam, Director, Caritas Hospital, Secretary, KSSS, Secretary, MASSS, Secretary, GDS, Superior, OSH, Superior, OSB, Director, MSP, Superior General, SVM, Superior General, SJC, Directress, CSI, Superior General, LDSJG, President, Vincent De Paul.

## തൂവാനീസ പ്രോഗ്രാം

| | | |
|---|---|---|
| സെപ്റ്റംബർ | 5 | പഠനാനുഭവ ധ്യാനം (SSLC വിദ്യാർത്ഥികൾക്ക്) |
| | 6 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം (ഫാ. ജോസ് വടകര, ബ്ര. അലക്സ് & ടീം) |
| | 10 | പരിശുദ്ധാത്മാഭിഷേക ധ്യാനം (ഫാ. ജിബിൽ, ബ്ര. തോമസ് കുര്യൻ & ടീം) |
| | 18, 19, 20, 21 | തൂവാനിസാ ബൈബിൾ കൺവൻഷൻ |
| | 27 | ആന്തരിക വിശുദ്ധീകരണ ധ്യാനം (ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |

# CHAITHANYA PROGRAMME
## September 2015

| Date | Programme |
|---|---|
| 3 | KSSS Symposium on Child Rights |
| 4 | KSSS Animators' Meeting |
| 5 | KSSS Teacher’s Day Celebrations |
| 5 | Vincent de Paul Meeting |
| 5 | Family Commission Meeting |
| 9 | KSSS Coordinators Meeting |
| 10-12 | Pre-Marriage Course |
| 11-13 | SRIBS Training |
| 12 | KSSS Alternative Lifestyle Training |
| 12 | KSSS Mushroom Cultivation Training |
| 12 | KSSS Ornament-making Training |
| 12 | KSSS Candle-making Training |
| 13 | Catechism Teachers Training |
| 14-15 | SCRT Teachers Training |
| 14 | KSSS’ Founding Day Observation |
| 14 | KSSS Tailoring Training |
| 14 | KSSS Beautician Training |
| 14 | KSSS Coordinators Meeting |
| 19 | KSSS Cake Making Training |
| 19 | KSSS CBR CRC |
| 21 | CML Literary Competition |
| 23 | KSSS Coordinators Meeting |
| 24-27 | Vincent de Paul Meeting |
| Oct. 1 | KSSS World Elder’s Day Celebrations |
| Oct. 2 | KSSS Animators' Meeting |

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ് – 2015

2015 സെപ്റ്റംബർ 27-ാം തീയതി 2.00 p m ന് ലോഗോസ് ക്വിസ് പരീക്ഷ നടത്തുന്നു. ചോദ്യോത്തര കടലാസുകൾ സെപ്റ്റംബർ 24-ാം തീയതിയോടുകൂടി ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

**ഫാ. ജോർജ് പുതുപ്പറമ്പിൽ**
(ചെയർമാൻ, ബൈബിൾ കമ്മീഷൻ)

# വിശ്വാസപരിശീലന കമ്മീഷൻ

## വിശ്വാസപരിശീലന അദ്ധ്യാപക സെമിനാർ

ഇടയ്ക്കാട്ട്, കടുത്തുരുത്തി, ചുങ്കം, കൈപ്പുഴ, ഉഴവൂർ, കിടങ്ങൂർ, പടമുഖം ഫൊറോനകളിലെ അദ്ധ്യാപക സെമിനാർ (കഴിഞ്ഞ രണ്ട് വർഷങ്ങളിലായി വിശ്വാസ പരിശീലന രംഗത്തേക്ക് കടന്നു വന്ന പുതിയ അദ്ധ്യാപകർക്ക്) 2015 സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതായിരിക്കും. സെമിനാർ രാവിലെ 9.30 ന് വി. കുർബാനയോടുകൂടി ആരംഭിച്ച് വൈകുന്നേരം 3.30 ന് അവസാനിക്കുന്നതാണ്. വിശ്വാസപരിശീലന പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കിയാണ് സെമിനാർ നടത്തുക. സൺഡേ സ്കൂളിൽ പഠിപ്പിക്കുന്ന (പുതിയ അദ്ധ്യാപകർ) എല്ലാവരും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം സെപ്റ്റംബർ 7-ാം തീയതിക്ക് മുമ്പായി അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ അറിയിക്കുമല്ലോ. സെമിനാർ ഫീസ് 75/- രൂപയായിരിക്കും.

## ഒന്നാം സെമസ്റ്റർ പരീക്ഷ

ഈ അദ്ധ്യയന വർഷത്തിൽ 1 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഒന്നാം സെമസ്റ്റർ പരീക്ഷ 2015 ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ആയിരിക്കും നടത്തപ്പെടുക. ചോദ്യക്കടലാസുകൾ ഒക്ടോബർ 8-ാം തീയതിക്കു മുമ്പായി അതാത് ഫൊറോനാ സെന്ററുകളിൽ എത്തിക്കുന്നതാണ്. 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾ ഉത്തരം എഴുതുന്നതിനാവശ്യമായ പേപ്പറും പേനയും അവരവർ തന്നെ കൊണ്ടു വരേണ്ടതാണ്. 1 മുതൽ 4-ാം ക്ലാസ്സുവരെയുള്ള കുട്ടികൾ ചോദ്യപേപ്പറിൽ തന്നെ ഉത്തരം എഴുതേണ്ടതാണ്. ഒന്നും രണ്ടും ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ നിറം കൊടുക്കുന്നതിന് ആവ

ശ്യമായ പേനയും കളർ പെൻസിലും അവരവർ തന്നെ കൊണ്ടുവരുന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുമല്ലോ.

## റെഗുലർ സ്കൂൾ വേദപാഠ, മോറൽ സയൻസ്, ഒന്നാം സെമസ്റ്റർ പരീക്ഷ

2015-2016 അദ്ധ്യയന വർഷത്തിലെ ഒന്നാം സെമസ്റ്റർ പരീക്ഷ 2015 ഒക്ടോബർ 16-ാം തീയതി വെള്ളിയാഴ്ച ആയിരിക്കും നടത്തുന്നത്. രാവിലെ 10 മുതൽ 12 വരെ മോറൽ സയൻസിന്റെയും ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ റെഗുലർ സ്കൂൾ വേദപാഠത്തിന്റെയും പരീക്ഷകൾ നട ത്തേണ്ടതാണ്. നിർദ്ദിഷ്ട സമയത്തു മാത്രമേ പരീക്ഷകൾ നടത്താവൂ എന്നുള്ള കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ചോദ്യക്കടലാസുകൾ 13-10-2015 ചൊവ്വാഴ്ച മുതൽ മുൻവർഷങ്ങ ളിൽ ലഭിച്ചുകൊണ്ടിരുന്ന ഹൈസ്കൂൾ സെന്ററുകളിൽ നിന്ന് ലഭി ക്കുന്നതാണ്. ചോദ്യക്കടലാസിന്റെ വില അതിരൂപത വിശ്വാസപരിശീ ലന ഓഫീസിൽ നൽകിയാൽ മതി.

**റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
(ചെയർമാൻ, കാറ്റക്കിസം കമ്മീഷൻ)

# ഫാമിലി കമ്മീഷൻ

## രജതജൂബിലി ദമ്പതി സംഗമം സംഘടിപ്പിക്കുന്നു

ആധുനിക ജീവിതസാഹചര്യങ്ങളിൽ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കുവാൻ സമുദായാംഗങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ അതിരൂപത ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ 1990 ൽ വിവാഹിതരായി രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതിക ളുടെ സംഗമം സംഘടിപ്പിക്കുന്നു. 2015 ഒക്ടോബർ 10 ശനിയാഴ്ച രാവിലെ 10 മണി മുതൽ 3.30 വരെ ചൈതന്യയിലാണ് സംഗമം സംഘടിപ്പിക്കു ന്നത്. 'മൂല്യാധിഷ്ഠിത സമൂഹം ഇന്നിന്റെ ആവശ്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

## സെപ്തംബർ 8- അതിരൂപതാ പ്രാർത്ഥനാദിനാചരണം

നിലവിവുള്ള ഗർഭച്ഛിദ്ര നിയമത്തിൽ (MPT Act) ദൂരവ്യാപക ഫല മുളവാക്കുന്ന ഭേദഗതികൾ വരുത്താൻ കേന്ദ്ര സർക്കാർ നടത്തുന്ന ഉദ്യമങ്ങൾക്കെതിരെ അതിരൂപതയിലെ എല്ലാ പള്ളികളിലും സെപ്തം ബർ 8 പ്രാർത്ഥനാദിനമായി ആചരിക്കുന്നു. ഇപ്പോൾ നിലവിലുള്ള

നിയമത്തിൽ മാറ്റം വരുത്തി 24 ആഴ്ച വരെ പ്രായമായ കുഞ്ഞിനെ വരെ അമ്മയുടെ ഉദരത്തിൽ വച്ച് നശിപ്പിക്കാമെന്ന വ്യവസ്ഥയിലേക്ക് മാറ്റുന്ന നിയമ ഭേദഗതി ഗർഭാവസ്ഥയിൽ ഏതു ഘട്ടത്തിലും കുഞ്ഞ് വധിക്കപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കും. ഗർഭച്ഛിദ്രം നടത്താൻ ഡോക്ടർമാരെ മാത്രമല്ല നഴ്സുമാർ, ആയുർവേദ, ഹോമിയോ, യുനാനി പ്രാക്ടിഷ്നേഴ്സ് എന്നിവരെയും അനുവദിക്കുക കൂടി ചെയ്യുവാൻ പുതിയ ബില്ല് നിർദ്ദേശിക്കുന്നുണ്ട്. അമ്മമാരുടെ ജീവൻ അപകടത്തിലാക്കുകയും കൂടുതൽ കുഞ്ഞുങ്ങളുടെ ജീവൻ നശിപ്പിക്കുകയും, ഗർഭധാരണ സാധ്യതയ്ക്ക് തന്നെ ക്ഷതമേൽപ്പിക്കുകയും ചെയ്യുന്ന നിയമ ഭേഗതിയെക്കുറിച്ച് ഇടവക സമൂഹത്തിന് അവബോധം നൽകുന്നതിനും പ്രസ്തുത ഭേദഗതിക്കെതിരെയുള്ള പ്രതിഷേധവുമായിട്ടാണ് ഇടവകയിലെ വിവിധ സംഘടനകളുടെ സഹകരണത്തോടെ സെപ്തംബർ 8 പ്രാർത്ഥനാദിനമായി ആചരിക്കുന്നത്.

**ഫാ. ബ്രസൻ ഓഴുങ്ങാലിൽ**

ചെയർമാൻ, ഫാമിലി കമ്മീഷൻ

# ലീജിയൻ ഓഫ് മേരി

## പഠനകളരി സംഘടിപ്പിച്ചു

കോട്ടയം: ലീജിയൻ ഓഫ് മേരി പഠനകളരി സംഘടിപ്പിച്ചു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടന്ന പഠനകളരി കോട്ടയം അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനം ചെയ്തു. പാലാ സെനാസ്തൂസിൽ നിന്ന് എത്തിയ ഭാരവാഹികൾ പഠനകളരിക്ക് നേതൃത്വം നൽകി.

**മോളി സൈമൺ കരിമ്പുംകാലായിൽ**

പ്രസിഡന്റ്

# ചെറുപുഷ്പ മിഷൻലീഗ്

### സാഹിത്യ മത്സരങ്ങൾ നടത്തി

ചെറുപുഷ്പ മിഷൻ ലീഗിന്റെ അതിരൂപതാതല സാഹിത്യമത്സരങ്ങൾ ഓഗസ്റ്റ് 15 ന് വിവിധ സെന്ററുകളിൽ നടത്തി. സംസ്ഥാനതല മത്സരങ്ങൾ സെപ്റ്റംബർ 21 ന് ചൈതന്യയിൽ നടത്തപ്പെടുന്നതാണ്.

### കുഞ്ഞേട്ടൻ പുരസ്കാരം സന്തോഷ് ടി കരസ്ഥമാക്കി

2015 – ലെ വർഷത്തെ മികച്ച അത്മായ പ്രേഷിതന് സി.എം.എൽ. സംസ്ഥാന സമിതി ഏർപ്പെടുത്തിയിട്ടുള്ള കുഞ്ഞേട്ടൻ പുരസ്കാരം കോട്ടയം ക്രിസ്തുരാജ കത്തീഡ്രൽ ഇടവകാംഗമായ സന്തോഷ് ടി (ക്രിസ്റ്റിൻ) കരസ്ഥമാക്കി.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ഡയറക്ടർ

# സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി

## ഏരിയാ കൗൺസിൽ വാർഷികങ്ങൾ

കോട്ടയം സി.സിയുടെ കീഴിലുള്ള 12 ഏരിയാ കൗൺസിലുകളുടെ വാർഷികയോഗങ്ങൾ ആറ് സെന്ററുകളിലായി നടന്നു. 26-7-2015 ഞായറാഴ്ച കോട്ടയം, കൈപ്പുഴ, കുറ്റൂർ എ.സികളുടെ സംയുക്ത വാർഷികം തെള്ളകം ചൈതന്യാ പാസ്റ്ററൽ സെന്ററിലും 1.8.2015 ശനിയാഴ്ച പെരിക്കല്ലൂർ എ.സിയുടെ വാർഷികം മാനന്തവാടി പാവനാ പാസ്റ്ററൽ സെന്ററിലും 2.8. 2015 ഞായറാഴ്ച മടമ്പം, മലബാർ എ.സികളുടെ സംയുക്ത വാർഷികം പയ്യാവൂർ സെന്റ് ആൻസ് ദേവാലയ ഹാളിലും 14-8-2015 വെള്ളിയാഴ്ച രാജപുരം എ.സിയുടെ വാർഷികം കള്ളാർ സെന്റ് തോമസ് ദേവാലയത്തിലും 16-8-2015 ഞായറാഴ്ച കടുത്തുരുത്തി, മോനിപ്പള്ളി, കിടങ്ങൂർ എ.സിയുടെ സംയുക്ത വാർഷികം ഉഴവൂർ OLL ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിലും 23-8-2015 ഞായറാഴ്ച ചുങ്കം, പടമുഖം എ.സികളുടെ സംയുക്ത വാർഷികം മുട്ടം സെന്റ് മേരീസ് ഹാളിലും വച്ച് നടത്തി.

എല്ലാ വാർഷിക യോഗങ്ങളും ദിവ്യബലിയോടെ ആരംഭിച്ച് ഓരോ സെമിനാറുകളോടു കൂടിയാണ് നടത്തിയത്. ചൈതന്യയിലെ യോഗം സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. അലക്സ് ആക്കപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുകയും ഒസ്സാനാം ബുള്ളറ്റിൻ ചീഫ് എഡിറ്റർ ബ്ര. ബിനു വെളിയനാടൻ സെമിനാർ നയിക്കുകയും ചെയ്തു. പാവനാ പാസ്റ്ററൽ സെന്ററിലെ യോഗം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. അഡ്വ. സ്റ്റീഫൻ ചീക്കപ്പാറ ഉദ്ഘാടനം ചെയ്യുകയും മാനന്തവാടി സി.സിയിലെ റിസോഴ്സ് പേഴ്സൺ ബ്ര. സി.ജെ. ഷാജി സെമിനാർ നയിക്കുകയും ചെയ്തു. പയ്യാ

വൂർ സെന്റ് ആൻസ് ഹാളിൽ നടന്ന വാർഷികയോഗം വികാരിയും ആദ്ധ്യാത്മിക ഉപദേഷ്ടാവുമായ ഫാ. ലൂക്ക് കരിമ്പിൽ ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. സജി മേക്കാട്ട് ആശംസയർപ്പിക്കുകയും തലശ്ശേരി സി.സിയിലെ റിസോഴ്സ് പേഴ്സൺ ബ്ര. സിബിച്ചൻ എബ്രഹാം ക്ലാസ്സിന് നേതൃത്വം നൽകുകയും ചെയ്തു. കള്ളാർ സെന്റ് തോമസ് ദേവാലയത്തിൽ ഫാ. ജോർജ് കുടുന്തയിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ കള്ളാർ ഒ.എസ്.എച്ച് ആശ്രമത്തിലെ ഫാ. റെജി നേതൃത്വം നൽകിയ സെമിനാറും ഉണ്ടായിരുന്നു. ഉഴവൂർ OLL ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന വാർഷിക സമ്മേളനം ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. ജേക്കബ് കുറുപ്പിനകത്ത് ഉദ്ഘാടനം ചെയ്തു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നാഷനൽ കൗൺസിൽ മുൻ വൈസ് പ്രസിഡന്റ് ബ്ര. പി.ജെ. ജോസഫ് ക്ലാസ്സിനു നേതൃത്വം നൽകി. മുട്ടം സെന്റ് മേരീസ് ഹാളിൽ നടന്ന യോഗം ഫാ. തോമസ് കീന്തനാനിക്കൽ ഉദ്ഘാടനം ചെയ്യുകയും ബ്ര. പി.ജെ. ജോസഫ് സെമിനാറിന് നേതൃത്വം നൽകുകയും ചെയ്തു.

രാജപുരം എ.സി. വാർഷികത്തിൽ സി.സി. സെക്രട്ടറിയും മറ്റു വാർഷിക യോഗങ്ങളിൽ സി.സി. പ്രസിഡന്റും പങ്കെടുത്ത് പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. എല്ലാ യോഗങ്ങൾക്കും ബന്ധപ്പെട്ട എ.സി. പ്രസിഡന്റുമാരും മറ്റു ഭാരവാഹികളും നേതൃത്വം നൽകി. ഓരോ എ.സികളുടെയും വാർഷിക റിപ്പോർട്ടുകളും കണക്കുകളും ബന്ധപ്പെട്ട എ.സി, സെക്രട്ടറി, ട്രഷറർമാർ അവതരിപ്പിച്ച് അംഗീകാരം നേടി.

**പുതിയ പ്രസിഡന്റുമാർ**

പെരിക്കല്ലൂർ എ.സി. : ബ്ര. ബേബി ജോസഫ്, പള്ളിപ്പുറത്ത്, പെരിക്കല്ലൂർ

ചുങ്കം എ.സിയിൽ മുട്ടം സെന്റ് മേരീസ് കോൺഫ്രൻസ്: ബ്ര സ്റ്റീഫൻ അറയ്ക്കൽ.

കടുത്തുരുത്തി എ.സിയിൽ സെന്റ് മേരീസ്: ബ്ര. എം.സി. ജോർജ്, മഠത്തിമ്യാലിൽ.

പിറവം ഹോളി കിംഗ്സ് : ബ്ര. സണ്ണി ജോസഫ്, ചക്കാലയ്ക്കൽ

ഞീഴൂർ ഇൻഫന്റ് ജീസസ് : ബ്ര. റ്റി.എൽ. ജോസ്, തറപ്പിൽ

**കെ. ജെ. ജോസ്** (പ്രസിഡന്റ്)

# കെ. സി. വൈ. എൽ.

## കെ.സി.വൈ.എൽ ലീഡർഷിപ് ക്യാമ്പ് സംഘടിപ്പിച്ചു

തെള്ളകം: കെ.സി.വൈ.എൽ അതിരൂപത സമിതി 47-ാമത് ലീഡർഷിപ്പ് ക്യാമ്പ് ഓഗസ്റ്റ് 23 മുതൽ 26 വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എൽ. അതിരൂപത പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് കോട്ടയം അതിരൂപതാ വികാരിജനറൽ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ചാപ്ലയിൻ ഫാ. സൈമൺ പുല്ലാട്ട് ആമുഖപ്രഭാഷണം നടത്തുകയും ക്യാമ്പിൽ സമുദായ ചരിത്രത്തെയും സമുദായത്തേയും നേരിടുന്ന വിവിധ പ്രശ്നങ്ങളെയുംകുറിച്ച് ക്ലാസ്സ് നയിച്ചു. ക്യാമ്പിനോട് അനുബന്ധിച്ചുള്ള വിവിധ ക്ലാസ്സുകൾക്ക് ഫാ. ബിനു സ്കറിയ എസ്.ഡി.ബി., ഷിനോ കുന്നപ്പിള്ളിൽ, സിറിയക് ചാഴികാടൻ എന്നിവർ നേതൃത്വം നൽകി. 56 യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. കെ.സി.വൈ.എൽ. അതിരൂപതാ ഭാരവാഹികളായ ദിനൂപ് മലയിൽ. ദീപു വടക്കേടത്ത്, ജിൻസ് പൂത്തറ, സി. സാന്ദ്ര, തോമസ് മാത്യു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ദിനൂപ് പി. മലയിൽ**
ജനറൽ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## വികസന പാതയിൽ വരും ദിനങ്ങളിൽ

### ചൈതന്യ കാർഷിക മേള
### നവംബർ 25 മുതൽ 29 വരെ

18-ാമത് ചൈതന്യകാർഷികമേള നവംബർ 25 മുതൽ 29 വരെ തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. സെമിനാറുകൾ, പ്രശ്നോത്തരികൾ, കാർഷികവിള പ്രദർശനങ്ങൾ, കാർഷിക മത്സരങ്ങൾ, ആസ്വാദ്യകരമായ കലാദൃശ്യവിരുന്നുകൾ, മെഡിക്കൽ ക്യാമ്പുകൾ, എക്സിബിഷനുകൾ, പ്രദർശന വിപണനസ്റ്റാളുകൾ, പൗരാ

ണികഭോജനശാല, അമൂസ്മെന്റ് പാർക്ക്, പക്ഷിമൃഗാദികളുടെ പ്രദർശനവും വിപണനവും, സമൂഹ്യക്ഷേമ കർമ്മപദ്ധതികളുടെ ഉദ്ഘാടനം, സ്വാശ്രയസംഘ കലാവിരുന്നുകൾ എന്നിവയും വിശിഷ്ടവ്യക്തികളുടെ സാന്നിദ്ധ്യവും മേളയെ ആകർഷണീയമാക്കും.

## കാർഷികമേള സ്റ്റാൾ ബുക്കിംഗിന് അവസരം

ചൈതന്യ കാർഷികമേളയോട് അനുബന്ധിച്ച് നവംബർ 25 മുതൽ 29 വരെ തീയതികളിൽ വിവിധങ്ങളായ സ്റ്റാളുകൾ ക്രമീകരിക്കുന്നതിന് സ്വാശ്രയസംഘാംഗങ്ങൾക്കും ഇതര തത്പര വ്യക്തികൾക്കും അവസരം ഒരുക്കുന്നു.

## ചൈതന്യ ജീവകാരുണ്യ നിധി സമ്മാന കൂപ്പൺ

18-ാമത് ചൈതന്യ കാർഷികമേളയോട് അനുബന്ധിച്ച് അകർഷക സമ്മാനങ്ങളുമായി ചൈതന്യ ജീവകാരുണ്യ നിധി വിഭവസമാഹരണ കൂപ്പൺ തയ്യാറാക്കിയിരിക്കുന്നു. കാർഷികമേളയോടനുബന്ധിച്ച് നടപ്പിലാക്കുന്ന സമ്മാനകൂപ്പൺ പദ്ധതിയിൽ ഒന്നാം സമ്മാനമായി സിറിൾസ് ജൂവലറി, കോട്ടയം സ്പോൺസർ ചെയ്യുന്ന ഒരു പവൻ സ്വർണ്ണവും രണ്ടാം സമ്മാനമായി ഫ്രിഡ്ജും മൂന്നാം സമ്മാനമായി തയ്യൽ മെഷീനും നാലാം സമ്മാനമായി സോളാർ റാന്തൽ വിളക്കും കൂടാതെ 1000 ൽ പരം ഗ്രാമതല സമ്മാനങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്. മാറാരോഗങ്ങൾ ഉൾപ്പെടെ അപ്രതീക്ഷിത രോഗങ്ങളുടെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന നിർദ്ധന കുടുംബങ്ങൾക്ക് ഒരു കൈതാങ്ങായി മാറുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ചൈതന്യ ജീവകാരുണ്യനിധി ചികിത്സാ സഹായ നിധിയിലേക്കാണ് സമ്മാനക്കൂപ്പണിലൂടെ ഫണ്ട് സമാഹരണം നടത്തുന്നത്. കൂപ്പൺ ഒന്നിന് 10 രൂപ.

## മേഖലാവിള പ്രദർശന മത്സരം

18-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് മേഖലാടിസ്ഥാനത്തിൽ വിപുലമായ രീതിയിൽ വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസിന്റെ പ്രവർത്തന മേഖലകളിലുള്ള സംഘാംഗങ്ങൾ അവരുടെ കൃഷിയിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഏറ്റവും മികച്ച കാർഷിക ഉൽപന്നങ്ങളാണ് പ്രദർശനത്തിനായി ഒരുക്കേണ്ടത്. മേഖലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വിളകൾ ആകർഷകമായ

രീതിയിൽ ക്രമീകരിച്ച് പ്രദർശിപ്പിക്കുന്ന മേഖലകൾക്ക് പ്രത്യേക സമ്മാനങ്ങളും നൽകുന്നതാണ്. ജൈവവളം ഉപയോഗിച്ച് ഉല്പാദിപ്പിച്ച വിളകളുടെ പ്രദർശനവും വിപണനവും പ്രത്യേകം ക്രമീകരിക്കുന്നതാണ്.

## പൊതുവിള പ്രദർശന മത്സരം

18-ാമത് കാർഷിക മേളയോടനുബന്ധിച്ച് വ്യക്തിഗത വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. ചേന, കാച്ചിൽ, മരച്ചീനി, വിളവെത്തിയ തേങ്ങാക്കുല, ഏത്തക്കുല, പാളയംകോടൻ വാഴക്കുല, മത്തങ്ങ എന്നീ കാർഷിക ഇനങ്ങളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. പൊതുവിള പ്രദർശനത്തിന് കൊണ്ടുവരുന്ന വിളകൾ അതത് കർഷകരുടെ ഉത്തരവാദിത്വത്തിൽ കൊണ്ടുവരേണ്ടതാണ്. ഓരോ കാർഷിക ഇനത്തിനും ഒന്നാം സമ്മാനമായി 1000 രൂപയും രണ്ടാം സമ്മാനമായി 750 രൂപയും നൽകുന്നതാണ്.

## വയോജനദിനാഘോഷം ചൈതന്യയിൽ

അന്താരാഷ്ട്ര വയോജന ദിനമായ ഒക്ടോബർ 1 ന് കെ.എസ്.എസ്. എസ് ചൈതന്യയിൽ വിപുലമായ പരിപാടികളോടെ വയോജനദിനാഘോഷം സംഘടിപ്പിക്കുന്നു. സംഗമത്തോടനുബന്ധിച്ച് സെമിനാർ, കലാപരിപാടികൾ, പൗരാണിക മത്സരങ്ങൾ,അനുഭവം പങ്കുവയ്ക്കൽ, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

## കുട്ടികളുടെ അവകാശ സംരക്ഷണ സിമ്പോസിയം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരള സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് കുട്ടികളുടെ അവകാശ സംരക്ഷണം എന്ന വിഷയത്തെ ആസ്പദമാക്കി സിമ്പോസിയം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 3-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യയിലാണ് സിമ്പോസിയം സംഘടിപ്പിക്കുന്നത്. ശിശുക്ഷേമ പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ശിശുക്ഷേമ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

## അദ്ധ്യാപക ദിനാചരണം സംഘടിപ്പിക്കുന്നു

ദേശീയ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് വിപുലമായ പരിപാടികളോടെ അദ്ധ്യാപക ദിനാചരണം സംഘടിപ്പിക്കുന്നു. ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.

എസ്.എസ് നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയിൽ പങ്കാളികളായി ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്കൂൾ അദ്ധ്യാപകർ, ഫീൽഡ് വർക്കേഴ്സ്, റിസോഴ്സ് ടീച്ചേഴ്സ് എന്നിവരെ ഉൾപ്പെടുത്തിയാണ് സെപ്റ്റംബർ 5 ന് ദിനാചരണം ചൈതന്യയിൽ സംഘടിപ്പിക്കുന്നത്. ദിനാചരണത്തോടനുബന്ധിച്ച് പൊതുസമ്മേളനവും സെമിനാറും അദ്ധ്യാപകരെ ആദരിക്കലും നടത്തപ്പെടും.

## കെ.എസ്.എസ്.എസ് സ്ഥാപന ദിനാചരണം സെപ്റ്റംബർ 14 ന്

കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപന ദിനമായ സെപ്റ്റംബർ 14ന് സ്ഥാപന ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നു. 1964 സെപ്റ്റംബർ 14ന് ആണ് സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് കെ.എസ്.എസ്.എസ് പ്രവർത്തനം ആരംഭിച്ചത്.

## ലോകനാളീകേര ദിനാചരണം സംഘടിപ്പിക്കുന്നു

സെപ്റ്റംബർ 2 ലോക നാളീകേര ദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ലോക നാളീകേര ദിനാചരണം സംഘടിപ്പിക്കുന്നു. കൈപ്പുഴ മേഖലയിലെ മകുടാലയം ലിറ്റിൽ ഫ്ളവർ ചർച്ച് ഹാളിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിക്കുന്ന ദിനാചരണത്തിൽ കേര കർഷകർക്കായുള്ള വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി നാളീകേര വികസന ബോർഡിൽ നിന്നുള്ള പ്രതിനിധിയും പങ്കെടുക്കുന്നതാണ്.

## ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസ് കാരിത്താസ് ആയുർവേദ ആശുപത്രിയുമായി സഹകരിച്ച് ആയുർവ്വേദ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഹെൽപ്പേജ് ഇൻഡ്യയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ക്യാമ്പിനോടനുബന്ധിച്ച് സെമിനാറും വൈദ്യപരിശോധനയും മരുന്ന് വിതരണവും ക്രമീകരിച്ചിട്ടുണ്ട്. കിടങ്ങൂർ മേഖല മെഡിക്കൽ ക്യാമ്പ് സെപ്റ്റംബർ 12-ാം തീയതി ശനിയാഴ്ച ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്റ

റിലും കൈപ്പുഴ മേഖലാ മെഡിക്കൽ ക്യാമ്പ് 9-ാം തീയതി ശനിയാഴ്ച കൈപ്പുഴ സെന്റ് ജോർജ്ജ് ചർച്ച് ഹാളിലും സംഘടിപ്പിക്കും.

## കർഷകദമ്പതി സംഗമം സംഘടിപ്പിക്കുന്നു

കുടുബജീവിതത്തിന്റെ മഹാത്മ്യം തിരിച്ചറിഞ്ഞ് കുടുംബമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹം വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പാലത്തുരുത്ത് ഗ്രാമത്തിൽ ദമ്പതി സംഗമം സംഘടിപ്പിക്കുന്നു. പാലത്തുരുത്ത് സെന്റ് തെരേസാസ് ചർച്ച് ഹാളിൽ സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച്ചയാണ് സംഗമം സംഘടിപ്പിക്കുന്നത്. ഉച്ചകഴിഞ്ഞ് 1.30 ന് ആരംഭിക്കുന്ന സംഗമത്തോടനുബന്ധിച്ച് 'കുടുംബ മൂല്യങ്ങൾ' എന്ന വിഷയത്തിൽ സെമിനാറും കലാപരിപാടിയും വിവിധ മത്സരങ്ങളും നടത്തപ്പെടും

## സംയുക്ത മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു

18-ാമത് ചൈതന്യ കാർഷികമേളയോടും സ്വാശ്രയ സംഘ മഹോത്സവത്തോടും അനുബന്ധിച്ച് കൈപ്പുഴ മേഖലയിലെ പ്രവർത്തന ഗ്രാമങ്ങളിൽ സംയുക്ത മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു. ഗ്രൂപ്പുകളുടെ പ്രവർത്തന വിലയിരുത്തലിനും കാർഷികമേളയുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനുമാണ് മീറ്റിംഗുകൾ സംഘടിപ്പിക്കുന്നത്. സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച പാലത്തുരുത്ത് ഗ്രാമത്തിലും 16-ാം തീയതി ബുധനാഴ്ച മേമ്മുറി ഗ്രാമത്തിലും 17-ാം തീയതി വ്യാഴാഴ്ച പുതിയ കല്ലറ ഗ്രാമത്തിൽ 21-ാം തീയതി തിങ്കളാഴ്ച ഇരവിമംഗലം ഗ്രാമത്തിലും 23-ാം തീയതി ബുധനാഴ്ച കൈപ്പുഴ ഗ്രാമത്തിലും 24-ാം തീയതി വ്യാഴാഴ്ച ചാമക്കാല, കുറുമുള്ളൂർ, മകുടാലയം, മാന്നാനം ഗ്രാമങ്ങളിലുമാണ് മീറ്റിംഗുകൾ സംഘടിപ്പിക്കുന്നത്.

# പരിശീലനങ്ങൾ

## ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം

കെ.എസ്. എസ്.എസിന്റെ നേതൃത്വത്തിൽ ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

## ബ്യൂട്ടീഷ്യൻ പരിശീലനം

ഒരുമാസം നീണ്ടുനില്ക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം സെപ്റ്റംബർ 14 തിങ്കളാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. ത്രെഡിംഗ്, വാക്സിംഗ്, ബ്ലീച്ചിംഗ്, ഫേഷ്യൽ, ഹെയർ കട്ടിംഗ്, ഹെന്ന, പെഡിക്യൂർ, മെനിക്യൂർ, ഹോട്ട് ഓയിൽ മസാജ്, സ്പിഞ്ചിംഗ്, ബ്രൈഡൽ മേക്കപ്പ്, കാത് കുത്ത്, കാത് ഒട്ടിക്കൽ, ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9961017249 എന്ന നമ്പരിൽ ബന്ധപ്പെടുക.

## തയ്യൽ പരിശീലനം

സെപ്റ്റംബർ 14 തിങ്കളാഴ്ച മുതൽ ചൈതന്യയിൽ തയ്യൽ പരിശീലനം സംഘടിപ്പിക്കുന്നു. അടിസ്ഥാന തയ്യൽ പരിശീലനവും, ചുരിദാർ, നൈറ്റി, സാരി ബ്ലൗസ് തുടങ്ങിയ ഇനങ്ങളിലുമാണ് പരിശീലനം സംഘടിപ്പിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 9544058840 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കൂൺ കൃഷി പരിശീലനം

കെ.എസ്.എസ്.എസ് കൂൺകൃഷി പരിശീലനം സെപ്റ്റംബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കുന്നതോടൊപ്പം കൂൺ വിപണനത്തിനുള്ള സാധ്യതകളും ക്രമീകരിക്കും.

## ആഭരണ നിർമ്മാണ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആഭരണ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

സെപ്റ്റംബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

## കേക്ക് നിർമ്മാണ പരിശീലനം

പ്ലം കേക്ക് നിർമ്മാണത്തിൽ സെപ്റ്റംബർ 19-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

# കെ.എസ്.എസ്.എസ് പോയ വാരങ്ങളിൽ

## കർഷക ദിനാചരണം സംഘടിപ്പിച്ചു

കർഷകദിനമായ ചിങ്ങം 1 നോടനുബന്ധിച്ച് കാർഷിക തനിമ ഉണർത്തി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കർഷക ദിനാചരണം സംഘടിപ്പിച്ചു. ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം ദേശീയ-സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരങ്ങളിൽ ഏറ്റവും മികച്ച ചിത്രമായി തെരഞ്ഞെടുക്കപ്പെട്ട ഒറ്റാൽ സിനിമയിലെ നായകൻ വാസവൻ നിർവ്വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം രാധാകൃഷ്ണൻ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കെ.എസ്.എസ്.എസ് പുരുഷ കർഷക സ്വാശ്രയസംഘ ഫെഡറേഷൻ സെക്രട്ടറി റോയി ജേക്കബ്ബ്,കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർമാരായ ജോജി ജോസഫ്, നീതു രാമകൃഷ്ണൻ, ലിസി ചാക്കോ, ജെസ്സി മാത്യു എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് കാർഷിക സംസ്ക്കാരവും കേരളീയ സമൂഹവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിന് പൂഞ്ഞാർ സെന്റ് ആന്റണീസ് സ്കൂൾ ഹെഡ്മാസ്റ്റർ ഫാ. ജോർജ്ജ് വയലിൽകളപ്പുര നേതൃത്വം നൽകി. കർഷകർക്കായി സംഘടിപ്പിച്ച കർഷക സെൽഫി മത്സരത്തിൽ ഇടയ്ക്കാട്ട്, കിടങ്ങൂർ മേഖലകൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളും വിറക് കീറൽ മത്സരത്തിൽ വെച്ചൂർ ഗ്രാമത്തിലെ ജോസ് കെ.ഒ, റാന്നി ഗ്രാമത്തിലെ കെ.സി. തോമസ് എന്നിവർ ഒന്ന്, രണ്ട് സ്ഥാനങ്ങളും കരസ്ഥമാക്കി. അഞ്ഞൂറോളം പുരുഷ-വനിത കർഷക പ്രതിനിധികൾ ദിനാചരണത്തിൽ പങ്കെടുത്തു.

## ക്ഷീരകർഷക പരിശീലനം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസ്സും കോട്ടയം ക്ഷീരകർഷക പരിശീലന കേന്ദ്രവും സംയുക്തമായി ക്ഷീരകർഷകർക്കായി പരിശീലനം സംഘടിപ്പിച്ചു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഉദ്ഘാടനം വന ഗതാഗത പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. കോട്ടയം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ പോലീസ് മേധാവി എം.പി ദിനേശ് ഐ.പി.എസ്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, കോട്ടയം ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പൽ ജെസ്സി ചാക്കോ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ ജോഷി ജോസഫ്, കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർ ജോജി ജോസഫ് എന്നിവർ പ്രസംഗിച്ചു. ആറ് ദിവസം നീണ്ടു നിന്ന പരിശീല നത്തോടനുബന്ധിച്ച് പശുവളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തീറ്റ പ്പുൽകൃഷി, പശുവിനുണ്ടാകുന്ന രോഗങ്ങൾ പ്രതിരോധ മാർഗ്ഗങ്ങൾ തു ടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ദ്ധരുടെ ക്ലാസും പഠന യാത്രയും ക്രമീകരിച്ചിരുന്നു. അറുപതോളം ക്ഷീരകർഷകർ പരിശീലനത്തിൽ പങ്കെടുത്തു.

## ഹൈറേഞ്ച് മേഖല കർഷകദിനാചരണം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടേയും ഗ്രീൻവാലി ഡെവ ലപ്പ്മെന്റ് സൊസൈറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ ഹൈറേഞ്ച് മേഖല കർഷകദിനാചരണം സംഘടിപ്പിച്ചു. ഇടുക്കി തടിയമ്പാട് മരിയ സദൻ അനിമേഷൻ സെന്ററിൽ സംഘടിപ്പിച്ച കർഷകദിനാചരണത്തിന്റെ ഉദ്ഘാടനം റോഷി അഗസ്റ്റിൻ എം.എൽ.എ നിർവ്വഹിച്ചു. മരിയാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാത്യു ദേവസ്യ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉസ്മാൻ മുഖ്യപ്രഭാഷണം നടത്തി. തടിയമ്പാട് ഗ്രാമവികസന സമിതി പ്രസി ഡന്റ് ഫാ. ജെയിംസ് വടക്കേക്കണ്ടംകരി, കെ.എസ്.എസ്.എസ് സെക്ര ട്ടറി ഫാ. ബിൻസ് ചേത്തലിൽ, കെ.എസ്.എസ്.എസ് ഹൈറേഞ്ച് മേഖല കോർഡിനേറ്റർ സിറിയക് ജോസഫ്, ജോസഫ് ജോൺ എന്നിവർ പ്രസം

ഗിച്ചു. കെ.എസ്.എസ്.എസിന്റെ ഹൈറേഞ്ച് മേഖലയിലെ വിവിധ പ്രവർത്തന ഗ്രാമങ്ങളിൽ നിന്നായി ഇരുനൂറോളം ആളുകൾ ദിനാചരണത്തിൽ പങ്കെടുത്തു

## 101 മണ്ണിരകമ്പോസ്റ്റ് നിർമ്മാണ പദ്ധതി ഉദ്ഘാടനം ചെയ്തു

അന്താരാഷ്ട്ര മണ്ണ് വർഷാചരണത്തോടനുബന്ധിച്ച് കൈപ്പുഴ മേഖലയിൽ നടപ്പിലാക്കുന്ന 101 മണ്ണിര കമ്പോസ്റ്റ് നിർമ്മാണ പദ്ധതി ഉദ്ഘാടനം ചെയ്തു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ കോട്ടയം മുനിസിപ്പൽ ചെയർമാൻ കെ.ആർ.ജി വാര്യർ പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, പ്രോഗ്രാം കോർഡിനേറ്റർ സിറിയക് ജോസഫ്, ചിന്നമ്മ രാജൻ, അജീഷ ഷിബു, സൂര്യ പ്രകാശ് എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് ജൈവകൃഷി രീതികൾ പ്രായോഗിക തലത്തിൽ എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിച്ചു. കൈപ്പുഴ മേഖലയിലെ വിവിധ ഗ്രാമങ്ങളിലായി 101 കുടുംബങ്ങളിലാണ് മണ്ണിര കമ്പോസ്റ്റ് നിർമ്മാണം പൂർത്തിയാക്കുന്നത്.

## ജീവിതശൈലിരോഗ നിർമ്മാർജ്ജന സെമിനാർ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും വെൽനസ് സൊല്യൂഷൻസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ജീവിതശൈലീ രോഗ നിർമ്മാർജ്ജന യജ്ഞവും ആരോഗ്യ സംരക്ഷണ ബോധവൽക്കരണ സെമിനാറും സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ ധനകാര്യവകുപ്പ് മന്ത്രി കെ.എം മാണി സെമിനാർ ഉദ്ഘാടനം ചെയ്തു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആക്റ്റിംഗ് ചെയർമാൻ ജസ്റ്റിസ് സിറിയക് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. വെൽനെസ്സ് സൊല്യൂഷൻസ് ചെയർമാൻ ഡോ. എ. ശ്രീകുമാർ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, പി.ആർ.ഒ സിജോ തോമസ്, പ്രോഗ്രാം ഓഫീസർ വിദ്യാ സന്ദീപ് എന്നിവർ പ്രസംഗിച്ചു. സെമിനാറിനോടനുബന്ധിച്ച് ജീവിതശൈലി രോഗങ്ങളും

നിവാരണ മാർഗ്ഗങ്ങളും, ക്യാൻസറും മിഥ്യാധാരണകളും, ഹൃദ്രോഗവും നിവാരണ മാർഗ്ഗങ്ങളും, ഭക്ഷണ ക്രമവും പ്രമേഹരോഗവും തുടങ്ങിയ വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസുകൾ നയിച്ചു.

## മരങ്ങാട്ടുപിള്ളി ജലനിധി പദ്ധതി ഉദ്ഘാടനം ചെയ്തു

സംസ്ഥാന സർക്കാരിന്റെ ശുദ്ധജല വിതരണ പദ്ധതിയായ ജല നിധിയുടെ ഭാഗമായി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിലെ ജലനിധി പ്രവർത്തന ങ്ങൾ പൂർത്തിയായി. പദ്ധതിയുടെ ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി പി.ജെ ജോസഫ് നിർവ്വഹിച്ചു. ധനമന്ത്രി കെ. എം. മാണി പദ്ധതി യോടനുബന്ധിച്ച് നടത്തപ്പെട്ട പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മോൻസ് ജോസഫ് എം.എൽ.എ ചടങ്ങിൽ അദ്ധ്യക്ഷത വ ഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു പുന്നത്താനം, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം മാത്യു, മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബെൽജി ഇമ്മാനുവേൽ, വൈസ് പ്രസി ഡന്റ് പ്രസീത സജീവ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ജലനിധി ടീം പ്രതിനിധികൾ തുടങ്ങിയവർ പ്രസംഗിച്ചു. 15 കുടിവെള്ള പദ്ധതികൾ, 35 മഴവെള്ള സംഭരണി, 520 കിണർ നിറയ്ക്കൽ പദ്ധതി എന്നിവ വഴി യായി രണ്ടായിരത്തിലധികം കുടുംബങ്ങളുടെ ശുദ്ധജലക്ഷാമത്തിന് പരി ഹാരം കാണുവാൻ കെ.എസ്.എസ്.എസിന് കഴിഞ്ഞു.

## ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

സീനിയർ സ്വാശ്രയ സംഘാംഗങ്ങളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യ മിട്ട് കെ.എസ്.എസ്.എസ് കാരിത്താസ് ആശുപത്രിയുമായി സഹകരിച്ച് ആയുർവേദ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഓഗസ്റ്റ് 1 ന് ഇട യ്ക്കാട്ട് മേഖലയുടെ നേതൃത്വത്തിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ക്യാമ്പിൽ 131 പേരും ഓഗസ്റ്റ് 8 ന് മലങ്കര മേഖലയുടെ നേതൃത്വത്തിൽ വെളിയനാട് സെന്റ് മൈക്കിൾസ് ചർച്ച് ഹാളിൽ സംഘ ടിപ്പിച്ച ക്യാമ്പിൽ 122 പേരും ഓഗസ്റ്റ് 22 ന് കടുത്തുരുത്തി മേഖലയുടെ നേതൃത്വത്തിൽ ഞീഴൂർ ഇൻഫന്റ് ജീസസ് ചർച്ച് ഹാളിൽ സംഘടി

പ്പിച്ച ക്യാമ്പിൽ 132 പേരും പങ്കെടുത്തു. ഹെൽപ്പേജ് ഇൻഡ്യയുടെ സഹ കരണത്തോടെ സംഘടിപ്പിച്ച ക്യാമ്പിനോടനുബന്ധിച്ച് സെമിനാറും വൈദ്യപരിശോധനയും മരുന്ന് വിതരണവും ക്രമീകരിച്ചിരുന്നു.

## സംഘകൃഷി സബ്സിഡി ലഭ്യമാക്കി

കെ.എസ്.എസ്.എസിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് പുരുഷ സ്വാശ്രയസംഘാംഗങ്ങൾക്കായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ സംഘകൃഷി പ്രോത്സാഹന പദ്ധതിയുടെ സബ്സിഡി ലഭ്യമാക്കി. ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനോടൊപ്പം സംഘകൃഷിയ്ക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിച്ച കർഷക ദിനാചരണത്തോടനുബന്ധിച്ചാണ് സംഘകൃഷി നടപ്പിലാക്കിയ 30 സംഘങ്ങൾക്ക് സബ്സിഡി ലഭ്യമാക്കിയത്.

## യൂത്ത് ക്ലബ് - പ്രാഥമിക ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

സാമൂഹ്യ പ്രതിബദ്ധതയുള്ള യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന യൂത്ത് ക്ലബിന്റെ പ്രവർത്തന മാർഗ്ഗരേഖ ചർച്ച ചെയ്യുന്നതിനും ഭരണ സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുമായി ആഗസ്റ്റ് 14-ാം തീയതി ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിലും ആഗസ്റ്റ് 16-ാം തീയതി ചുങ്കം സെന്റ് മേരീസ് ചർച്ച് ഹാളിലും ക്ലാസ്സ് സംഘടിപ്പിച്ചു. ചുങ്കം, കിടങ്ങൂർ മേഖലകളിൽ സംഘടിപ്പിച്ച യോഗത്തിന് കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് നേതൃത്വം നൽകി. യഥാക്രമം 27, 33 പേർ പങ്കെടുത്തു.

## പായസകിറ്റ് ലഭ്യമാക്കി

ഗ്രാമതല ഓണാഘോഷത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങൾക്കായി പായസ കിറ്റ് ലഭ്യമാക്കി. 300 ഗ്രാം തൂക്കം വരുന്ന സേമിയ പായസകിറ്റാണ് ലഭ്യമാക്കിയത്. കെ.എസ്.എസ്.എസിന്റെ വിവിധ പ്രവർത്തന ഗ്രാമങ്ങളിലായി പതിനയ്യായിരത്തോളം പായസകിറ്റുകളാണ് വിതരണം ചെയ്തത്.

## അന്ധ– ബധിര പുനരധിവാസ പദ്ധതി നെറ്റ് വർക്ക് മീറ്റിംഗ് സംഘടിപ്പിച്ചു

അന്ധ–ബധിര പുനരധിവാസ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ വ്യാപകമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസും സെൻസ് ഇന്റർ നാഷണൽ ഇന്ത്യയും സംയുക്തമായി സംസ്ഥാനതല നെറ്റ് വർക്ക് മീറ്റിംഗ് സംഘടിപ്പിച്ചു. അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കെ.ജെ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. സെൻസ് പ്രതിനിധികളായ പി. ശ്രീനിവാസൻ, ബ്രഹ്ദാശങ്കർ, ആരോഗ്യക്ഷേമ പ്രവർത്തകർ തുടങ്ങി വിവിധ ജില്ലകളിൽ നിന്നായി 45 പേർ പങ്കെടുത്തു.

**ഫാ. ബിൻസ് ചേത്തലിൽ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## നേതൃത്വ പരിശീലന ക്യാമ്പ്

മലബാർ സോഷ്യൽ സർവിസ് സൊസൈറ്റി കണ്ണൂർ ജില്ലയിലെ ഹൈസ്കൂൾ കുട്ടികൾക്കുവേണ്ടി നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. പയ്യാവൂർ ടൗൺ പാരിഷ് ഹാളിൽ വച്ചു നടന്ന ക്യാമ്പ് ബറുമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. അബ്രാഹം പറമ്പേട്ട് ഉദ്ഘാടനം ചെയ്തു. പയ്യാവൂർ സെന്റ് ആൻസ് പള്ളി വികാരി ഫാ. ലൂക്ക് കരിമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. സി. പ്രിയ എസ്.ജെ.സി, ഹെൽത്ത് ഇൻസ്പക്ടർ ശ്രീനിവാസൻ ജെ., സി. സ്നേഹ എസ്.ജെ.സി. എന്നിവർ വിവിധ വിഷയങ്ങളെ കുറിച്ച് ക്ലാസ് എടുത്തു. കണ്ണൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി 150 കുട്ടികൾ പങ്കെടുത്തു. മാസ്സ് സ്റ്റാഫ് അംഗങ്ങളായ ബെന്നി പി. ജോൺ, റെനി സിബി, ടെസ്സി ജോയി, സുഷ ബെന്നി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## സ്കൂൾ പച്ചക്കറി വികസനപദ്ധതി ഉദ്ഘാടനം ചെയ്തു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും കൃഷി വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കോട്ടൂർവയൽ സെന്റ് തോമസ് എ.എൽ.പി. സ്കൂളിൽ വൃക്ഷതൈ വിതരണവും സ്കൂൾ പച്ചക്കറി വികസന പദ്ധതിയുടെ ഉദ്ഘാടനവും സംഘടിപ്പിച്ചു. പ്രസ്തുത പദ്ധതിയുടെ

ഉദ്ഘാടനം മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ നിർവഹിച്ചു. ശ്രീകണ്ഠാപുരം ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ പ്രസീത കെ ചടങ്ങിൽ അദ്ധ്യക്ഷയായിരുന്നു. സ്കൂൾ ഹെഡ്മിസ്ട്രസ്സ് മോളി എസ് ആമുഖപ്രഭാഷണം നടത്തി. കൃഷി ഓഫീസർ ജിനു വി.എൻ പദ്ധതി വിശദീകരണം നടത്തി. ഡൊമനിക് കുമ്പളാനിക്കൽ, ശകുന്തള പവിത്രൻ, ഷാജു കുര്യൻ എന്നിവർ പ്രസംഗിച്ചു. കൃഷി ഓഫീസർ ജിനു വി.എൻ. പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. ജൈവ പച്ചക്കറി തോട്ടങ്ങളുടെ നിർമാണവും ജൈവ കാർഷിക സംസ്കാരം വളർത്തിയെടുക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. സ്കൂൾ അദ്ധ്യാപകർ പരിപാടികൾക്ക് നേതൃത്വം നൽകി.

## അടിസ്ഥാന ജീവൻ സുരക്ഷ പരിശീലന പരിപാടി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമർജൻസി മെഡിക്കൽ സർവ്വീസിന്റെ സഹകരണത്തോടുകൂടി കാസർഗോഡ് ജില്ലയിൽ അടിസ്ഥാന ജീവൻ സുരക്ഷാ പരിശീലന പരിപാടി സംഘടിപ്പിച്ചു. രാജപുരം ഹോളിഫാമിലി പാരിഷ് ഹാളിൽ നടന്ന പരിശീലന പരിപാടി സബ് ഇൻസ്പെക്ടർ രാജീവ് വലിയവളപ്പിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. ഷാജി വടക്കേതൊട്ടിയിൽ അദ്ധ്യക്ഷനായിരുന്നു. മാസ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, ശ്രീമതി ആൻസി ജോസഫ്, ശ്രീമതി മേഴ്സി ജോയി എന്നിവർ ആശംസ അർപ്പിച്ചു. ശ്രീ. രാജശേഖരൻ, സിനോ ജോസഫ് എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. റോഡപകടം, ഇലക്ട്രിക് ഷോക്ക്, തീപൊള്ളൽ, മുങ്ങിത്താഴൽ ഹൃദയസ്തംഭനം, പാമ്പുകടി തുടങ്ങി ആകസ്മികമായി നിത്യജീവിതത്തിൽ ഉണ്ടാകുന്ന ദുരന്തങ്ങളെ അതിജീവിക്കുന്നതിനുള്ള അടിസ്ഥാന ജീവൻ സുരക്ഷാപരിശീലനം, മോക്ക് ട്രില്ല്, ഡമോൺസ്ട്രേഷൻ പ്ലേ തുടങ്ങിയ മാധ്യമങ്ങളിലൂടെ അവതരിപ്പിച്ചാണ് പരിശീലനം നൽകിയത്.

## ഫാർമേഴ്സ് ക്ലബ്ബ് രൂപീകരിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സഹകരണത്തോടെ വയനാട്ടിലെ ചെറുകര, കോട്ടത്തറ, പെരിക്കല്ലൂർ, കാപ്പിസെറ്റ്, പയസ് നഗർ, പുളിഞ്ഞാൽ, തേറ്റമല, പുതുശ്ശേരി, ക്രൈസ്റ്റ് നഗർ എന്നി വില്ലേജുകളിൽ ഫാർമേഴ്സ് ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തന

മാരംഭിച്ചു. സ്ഥിരമായ കാര്യപരിപാടികളോടുകൂടിയുള്ള ഗ്രൂപ്പ് മീറ്റിംങ്ങ്, ബോധവത്ക്കരണ ക്ലാസ്സുകൾ, ജൈവകൃഷി പ്രോത്സാഹനം, ജൈവ വള നിർമ്മാണം, കൂട്ട് കൃഷി പ്രോത്സാഹനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവയുടെ പ്രോത്സാഹനം, കാർഷിക വിഭവങ്ങളുടെ സംഭര ണം, വിൽപ്പന, മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണം, അടുക്കള ത്തോട്ട നിർമ്മാണം, ആരോഗ്യപ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ ലക്ഷ്യ ങ്ങളോടെയാണ് മാസ്സ് കർഷക സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം ഉള്ളാടപ്പള്ളിൽ, ആനിമേറ്റേഴ്സ് എന്നിവർ ഫാർമേഴ്സ് ക്ലബ്ബ് രൂപീകരണത്തിന് നേതൃത്വം നൽകി.

## സെമിനാർ സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ആരോഗ്യ വകുപ്പിന്റെ സഹ കരണത്തോടുകൂടി ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള സെമിനാർ സംഘ ടിപ്പിച്ചു. പ്രസ്തുത സെമിനാർ മടമ്പം ഫൊറോനാ വികാരി ഫാ. ജോർജ് കപ്പുകാലായിൽ ഉദ്ഘാടനം ചെയ്തു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ശ്രീനിവാസൻ സെമിനാർ നയിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, ഫാ. സ്റ്റീഫൻ കൊളക്കാട്ടുകുടി എന്നിവർ പ്രസംഗിച്ചു.

## തയ്യൽ പരിശീലന കേന്ദ്രം ഉദ്ഘാടനം ചെയ്തു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കൊട്ടൂർവയലിൽ തയ്യൽ പരിശീലന കേന്ദ്രം ആരംഭിച്ചു. പ്രസ്തുത കേന്ദ്രത്തിന്റെ ഉദ്ഘാടന കർമ്മം കോട്ടൂർ ബാലഭവൻ ഡയറക്ടർ ഫാ. റെജി കരിക്കാട്ടിൽ നിർവ്വ ഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യ ക്ഷനായിരുന്നു. ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ച് കൊച്ചിൻ യൂണി വേഴ്സിറ്റിയിൽ നിന്നും M-Tech നു ഒന്നാം റാങ്ക് നേടിയ ലിൻസ് തോമസ് പൂവത്തുംമൂട്ടിലിനെ ആദരിച്ചു. സി. പ്രിയ എസ്.ജെ.സി., സജി കാഞ്ഞി രത്തിങ്കൽ, സുജ തെക്കിലക്കാട്ട്, കുര്യാക്കോസ്, ജോസഫ് പെട്ടിക്കു ന്നേൽ, സ്റ്റീഫൻ ഞാറോലിക്കൽ എന്നിവർ പ്രസംഗിച്ചു.

## പ്രസംഗ മത്സരം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വാതന്ത്ര്യദിനാഘോഷ ങ്ങളുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ ഹൈസ്കൂൾ കുട്ടികൾക്കു വേണ്ടി പ്രസംഗമത്സരം സംഘടിപ്പിച്ചു. രാജപുരം ഹോളിഫാമിലി പാരീഷ്

ഹാളിൽ വച്ചു നടന്ന പ്രസംഗമത്സരം രാജപുരം ഫൊറോന വികാരി ഫാ. ഷാജി വടക്കേതൊട്ടിയിൽ ഉദ്ഘാടനം ചെയ്തു. രാജപുരം ഹോളിഫാമിലി ഹയർ സെക്കൻഡറി അദ്ധ്യാപകനായ ടോം കരികുളം ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. "ഭാരതം അഭിമുഖീകരിക്കുന്ന സമകാലീന പ്രതിസന്ധികൾ" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള മത്സരമാണ് സംഘടിപ്പിച്ചത്. ഈ മത്സരത്തിൽ സനു വർസ്സീസ് പണ്ടപ്ലാക്കൽ (ചുള്ളിക്കര), സിയോണ സജി (ചുള്ളിക്കര), അരുൺ റോയി നീരാട്ടുപാറയിൽ (മാലക്കല്ല്) എന്നിവർ യഥാക്രമം ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. കൂടാതെ 6 കുട്ടികൾക്കു പ്രോത്സാഹന സമ്മാനവും നൽകി. മാസ്സ് ടീം അംഗങ്ങളായ സി. സ്നേഹ എസ്.ജെ.സി. മനു അലക്സ്, ആൻസി ജോസഫ്, ഷൈനി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## മുയൽ വളർത്തൽ പദ്ധതി ആരംഭിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ ജില്ലയിലെ മടമ്പം, അലക്സ് നഗർ, കൊട്ടൂർവയർ, പന്ന്യാൽ, മൈക്കിൾഗിരി, തിരൂർ പ്രദേശങ്ങളിൽ മുയൽ വളർത്തൽ പദ്ധതി ആരംഭിച്ചു. പ്രസ്തുത പദ്ധതി മടമ്പം ഫൊറോനാ വികാരി ഫാ. ജോർജ് കപ്പുകാലായിൽ ഉദ്ഘാടനം ചെയ്തു. അലക്സ് നഗർ വികാരി ഫാ. സ്റ്റീഫൻ കൊളക്കാട്ടുകുടി ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശദീകരണം നടത്തി. റെനി സിബി, റ്റെസി ജോയി എന്നിവർ പ്രസംഗിച്ചു.

## ആരോഗ്യ സെമിനാർ സംഘടിപ്പിച്ചു

മലബാർ സൊഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി തിരൂർ സെന്റ് ഫ്രാൻസിസ്സ് അസിസ്സി പാരിഷ് ഹാളിൽ വച്ച് ആരോഗ്യ സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത സെമിനാർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീനിവാസൻ ജെ ഉദ്ഘാടനം ചെയ്തു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. സി. സ്നേഹ എസ്.ജെ.സി., ദിപിൻ മാത്യു എന്നിവർ ക്ലാസ് നയിച്ചു.

## ഉപന്യാസമത്സരം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഹൈസ്കൂൾ കുട്ടികൾക്കുവേണ്ടി ഉപന്യാസമത്സരം സംഘടിപ്പിച്ചു. കണ്ണൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള കുട്ടികൾക്കുവേണ്ടിയാണു മത്സരം സംഘടിപ്പിച്ചത്. പയ്യാവൂർ സെന്റ് ആൻസ് പാരിഷ്

ഹാളിൽ വച്ചു നടന്ന ഉപന്യാസമത്സരം പയ്യാവൂർ ടൗൺ പള്ളി വികാരി ഫാ. ലൂക്ക് കരിമ്പിൽ ഉദ്ഘാടനം ചെയ്തു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കണ്ണൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്നായി 75 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ആഗസ്റ്റ്**

4-7 തൂവാനീസയിൽ നടന്ന അതിരൂപത വൈദീകരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

8 നീണ്ടൂർ ഇടവകാംഗം താന്നിപ്പറമ്പിൽ ബഹു. ഡീക്കൻ സിഞ്ചുവിന് പൗരോഹിത്യ പട്ടം നൽകി.

\- കല്ലറ പഴയപള്ളി ഇടവകാംഗം പള്ളിത്താഴത്ത് ബഹു. ജോസഫ് അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

\- കൈപ്പുഴയിൽ നടന്ന കൈപ്പുഴ ഫൊറോനാ പാരീഷ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

9 ചേർപ്പുങ്കൽ സമരിട്ടൻ സെന്ററിൽ കൂടിയ കിടങ്ങൂർ ഫൊറോന പാരീഷ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

\- ഏറ്റുമാനൂർ ഇടവകയിൽ കൂടാരയോഗത്തിന്റെ രജത ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

10 CFIC ഓറസ്റ്റ് ഭവനിൽ ബ്ര. അജോ ആന്റണിക്ക് ഡീക്കൻ പട്ടം നൽകി.

11 മദനഹയിൽ കൂടിയ സുപ്പീരിയേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു.

13 അതിരൂപതാ മൈനർ സെമിനാരിയിൽ ബ്ര. ഗ്രേയ്സൺ വേങ്ങയ്ക്കലിന് സഭാ വസ്ത്രം നൽകി.

14 ഉഴവൂർ തിരുബാല നഗറിൽ പുതിയ ചാപ്പൽ വെഞ്ചരിച്ചു.

\- സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് മലങ്കര ഫൊറോന യുടെ നേതൃത്വത്തിൽ കുറ്റൂരിൽ നടത്തിയ സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

\- കുറ്റൂരിൽ കൂടിയ മലങ്കര ഫൊറോന പാരീഷ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

15 കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വി. ബലിയർപ്പിച്ച് സന്ദേശം നടത്തി.

16 നീറിക്കാട് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

- നീറിക്കാട് ദേവാലയത്തിന്റെ ശതാബ്ദി ആഘോഷ സമാപന ത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

17-29 കാക്കനാട് നടന്ന സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

29 കോട്ടയം അതിരൂപത സ്ഥാപന ദിനത്തോടനുബന്ധിച്ച് തൂവാനി സയിൽ വി. ബലിയർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അദ്ധ്യ ക്ഷനാവുകയും ചെയ്തു.

30 ചക്കുപള്ളം ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

- കട്ടപ്പനയിൽ കൂടിയ പടമുഖം ഫൊറോന പാരീഷ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

31 മ്രാല ഇടവകയിൽ വി. പത്രോസിന്റെ തിരുശേഷിപ്പ് സ്ഥാപിക്കുന്നതി നോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

- ചൈതന്യയിൽ കൂടിയ റ്റീച്ചേഴ്സ് ഗിൽഡിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

**സെപ്റ്റംബർ**

1 എസ്.എച്ച്. മൗണ്ട് ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദീക മന്ദിരത്തിന്റെ വെഞ്ചരിപ്പ് നടത്തി.

# ENGAGEMENTS

## Mar Mathew Moolakkatt

**September**

2-23 To USA.

24-25 CBCI Standing Committee at Banglore.

27 Conclusion of the Silver Jubilee celebrations of Knanaya Catholic Society of Bombay at Bombay.

29 Parish Council meeting of Kaduthuruthy Forane at Kaduthuruthy.

30 to October 14 Australia.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഓഗസ്റ്റ് 2015**

4-8 കക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കെ.സി.ബി.സി. വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

8 ഏറ്റുമാനൂർ സെന്റ് ജോസഫ്സ് ദേവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും കൂടാരയോഗ രജതജൂബിലി സമാപന സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

10 മടമ്പം സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം നടത്തുകയും പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച് പ്രസംഗിക്കുകയും ചെയ്തു.

13 പുതുക്കി പണിത മാലക്കല്ല് വിസിറ്റേഷൻ കോൺവെന്റിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി.

15 ചെറുകര പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

\- ഉഴവൂർ ഫൊറോനായിലെ CEFAK കുട്ടികളുടെ മീറ്റിംഗിൽ സംബന്ധിച്ചു.

16 ഇടക്കോലി പള്ളിയിൽ വി. കുർബാന അർപ്പിച്ചു. പുതുക്കി പണിയുന്ന പള്ളിമുറി നിർമ്മാണ ഫണ്ട് ഉദ്ഘാടനം ചെയ്തു.

\- കിടങ്ങൂർ ഫൊറോനയിലെ CEFAK കുട്ടികളുടെ മാതാപിതാക്കളുടെ സംഗമത്തിൽ സംബന്ധിച്ചു.

17-29 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയ സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

23 അതിരൂപതാ മെത്രാസന മന്ദിരത്തിൽ CEFAK കേന്ദ്രക്കമ്മറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

29 തൂവാനീസായിൽ വച്ചു നടത്തിയ അതിരൂപതാ ദിനാഘോഷങ്ങളിൽ സംബന്ധിച്ചു.

30 മാലക്കല്ലിൽ നടന്ന മലബാർ റീജിയൺ വിശ്വാസ പരിശീലന വാർഷികം ഉദ്ഘാടനം ചെയ്തു.

\- രാജപുരം ഫൊറോന പാരീഷ് കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

\- രാജപുരം ഫൊറോനയിലെ CEFAK കുട്ടികളുടെ മാതാപിതാക്കളുടെ സംഗമത്തിൽ പങ്കെടുത്തു.

# Engagements

## Mar Joseph Pandarasseril

**September 2015**

6 Madampam Forane parish council meeting at Payyavoor town.

- Meeting of KCYL members of Madampam Parish.

8 Holy Qurbana at Kaduthuruthy.

9-13 Pastoral visit at Payyavoor.

16-24 Canada- to attend the Episcopal consecration of Msgr. Joseph Kalluvelil Missisauga Exarchate, Canada.

25 St. Vincent de Paul Society's National General Body meeting at Chaithanya.

26-27 Pastoral visit at Kappisset.

29 SMYM-Executive meeting at Mount. St. Thomas

**October 2015**

1-4 Pastoral visit at Kallar.

# വചനദർശനം

**സെപ്റ്റംബർ 13 ഏലിയാ സ്ലീവ മൂശ മൂന്നാം ഞായർ**

**Mt. 13:24 - 30**

ആകാശവും ഭൂമിയും അതിലെ സർവ്വചരാചരങ്ങളും സൃഷ്ടിച്ച ദൈവം എല്ലാം നോക്കികണ്ടു. എല്ലാം മനോഹരമായ തന്റെ കരവേല. എന്നാൽ ഏറെ വൈകാതെ തിന്മയുടെ വളർച്ച നാം കാണുന്നു. അത് ദൈവത്തെ ധിക്കരിക്കുന്ന മനുഷ്യന്റെ നീക്കങ്ങൾ.

ഇന്നത്തെ തിരുവചനത്തിൽ സ്വർഗ്ഗരാജ്യത്തെ വെളിപ്പെടുത്തുന്ന ഒരു ഉപമകൂടി നമുക്കായി നൽകപ്പെട്ടിരിക്കുന്നു. ദുഷ്ടനും ശിഷ്ടനും ഒരു പോലെ മഴയും വെയിലും നൽകുന്ന ദൈവമാണ് സ്വർഗ്ഗരാജ്യമാകുന്ന ആ വലിയ വയലിന്റെ ഉടമ. അവിടെ നന്മയും അതിനിടയിൽ നുഴഞ്ഞ്

കയറുന്ന തിന്മയും ഭേദമന്യേ വളരാൻ ദൈവം അനുവദിക്കുന്നു. പക്ഷെ, തിന്മയ്ക്ക് ശാശ്വതമായ നിലനിൽപ്പില്ല എന്നുള്ളതാണ് വാസ്തവം. അതിന്റെ വളർച്ച പൂർണ്ണമാകുന്നതോടെ അവ ശേഖരിച്ച് തീയിൽ ചുട്ടു കളയാൻ കൊയ്ത്തുകാരനെ അയയ്ക്കുന്നു.

തിന്മയ്ക്ക് മേലെ നന്മയ്ക്ക് സംരക്ഷണവും വിജയവും നൽകുന്ന കർത്താവിന്റെ രാജ്യമാണ് സ്വർഗ്ഗരാജ്യം. ചുറ്റുമുള്ള തിന്മയുടെ അധീശത്വം നമ്മെ ഭയപ്പെടുത്തിയേക്കാം. നന്മ വിജയിക്കുമോ എന്ന സംശയം ഉണ്ടായേക്കാം. എന്നാൽ ആത്യന്തികമായി വിജയം നന്മയ്ക്കും സത്യത്തിനും ആണ് എന്ന് ഇന്നത്തെ സുവിശേഷം പറഞ്ഞുവയ്ക്കുന്നു. ഇതു തന്നെയാണ് ക്രൈസ്തവ ജീവിതത്തിന്റെ പ്രത്യാശ. തിന്മയ്ക്ക് മേൽ വിജയം നേടിയ ക്രിസ്തുവിന്റെ ആദർശങ്ങൾ നമ്മുടെ ജീവിതത്തിന് വഴിതെളിക്കണം. അതിനാൽ നന്മയും തിന്മയും വിവേചിച്ചറിഞ്ഞ്, എപ്പോഴും നന്മയുടെ പക്ഷം ചേരാനുള്ള കൃപക്കായി പ്രാർത്ഥിക്കാം.

## സെപ്റ്റംബർ 20 ഏലിയാ സ്ലീവ മൂശ നാലാം ഞായർ

**Mt. 4:12 - 17**

യേശുവിന്റെ ദൗത്യത്തിന്റെ ആരംഭം കുറിക്കുന്ന രംഗങ്ങളാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രതിപാത വിഷയം. വഴിയൊരുക്കാൻ വന്നവന്റെ ദൗത്യം അവസാനിക്കുമ്പോൾ ക്രിസ്തു തന്റെ ദൗത്യം ആരംഭിക്കുന്നു. യേശുവിന്റെ ജീവിതവും പ്രവർത്തനവും എല്ലാം പഴയ നിയമ പ്രവചനങ്ങളുടെ പൂർത്തികരണമാണ്. മരുഭൂമിയിലെ പരീക്ഷക്ക് ശേഷം യേശു തന്റെ ദൗത്യത്തിന് ആരംഭം കുറിക്കുന്നു.

മത്തായി സുവിശേഷകന്റെ വാക്കുകളിലെല്ലാം നിഴലിക്കുന്നത് ഏശയ്യാ പ്രവാചകന്റെ പ്രവചനങ്ങളാണ്. ഭാവിയിൽ ദൈവജനത്തെ വീണ്ടെടുക്കാൻ വരുന്ന രാജാവിനെപ്പറ്റി ഏശയ്യാപ്രവാചകൻ 9-ാം അധ്യായത്തിൽ കുറിച്ചിടുന്നുണ്ട്. ഏശയ്യായുടെ വാക്കുകളിൽ ഈ രാജാവ് ദുഃഖത്തിൽ ആണ്ടുപോയവർക്ക് പ്രകാശമാണ്. ഞാൻ ലോകത്തിന്റെ പ്രകാശമാണ് എന്ന് അരുൾ ചെയ്യുന്ന ക്രിസ്തുവിൽ ഈ ഭാവി രാജാവ് ഉദയം ചെയ്യുന്നു. അവൻ അന്ധകാരത്തിൽ കഴിഞ്ഞ ജനത്തിന് പ്രകാശമായി മാറി. കൂരിരുട്ടിൽ ജനത്തിന് പ്രകാശമായി. ഈ പ്രകാശത്തെ ജീവിതത്തിൽ കണ്ടെതുന്നതിനും തിരിച്ചറിയുന്നതിനും ഇന്നത്തെ സുവിശേഷം നമ്മുടെ മുൻപിൽ വയ്ക്കന്നത് ഒരേയൊരു കണ്ടീഷൻ മാത്രം. "മാന

സാന്തരപ്പെടുവിൻ."

## സെപ്റ്റംബർ 27 ഏലിയാ സ്ലീവ മൂശ അഞ്ചാം ഞായർ

**Mt. 17:14 - 21**

വിശ്വാസ ജീവിതത്തിന്റെ വിചിന്തനമാണ് ഇന്നത്തെ സുവിശേഷം ആവശ്യപ്പെടുന്നത്. നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ മലയോട് അത് നിൽക്കുന്ന സ്ഥലുത്തിനിന്ന് മാറി മറ്റൊരിടത്തേക്ക് പോകാൻ പറഞ്ഞാൽ അത് അനുസരിക്കും. ഇത് തീർച്ചയായും അതിശയകരമായ കാര്യമാണ്.

വിശ്വാസത്തിന്റെ ആവശ്യകതയാണ് ഇവിടെ ഓർമ്മപ്പെടുത്തുന്നത്. ഏറ്റവും ചെറിയ വിത്തായ കടുകു മണിയോളമെങ്കിലും വിശ്വാസതോടെ പ്രാർത്ഥിച്ചാൽ അവ ലഭിക്കും. എന്നത് യേശു വാഗ്ദാനം ചെയ്യുന്നു. യേശു പ്രതീകാത്മകമായാണ് സംസാരിക്കുന്നത്. ഏറ്റവും ചെറിയതും ഏറ്റവും വലിയതും തമ്മിൽ ചേർത്തു വയ്ക്കുന്നു.

ഇവിടെ അൽപം വിശ്വാസത്തിൽ വലിയ കാര്യങ്ങൾ ജീവിതത്തിൽ സാധ്യമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. അത്ഭുതങ്ങളും, അസാധാരണ കാര്യങ്ങളും നടത്താനുള്ള ആയുധമല്ല വിശ്വാസം? ദൈവത്തിൽ സമ്പൂർണ്ണമായി അർപ്പിക്കുന്നതാണ് വിശ്വാസത്തിന്റെ കാതൽ. നാം ദൈവ മക്കളാണെന്ന് തിരിച്ചറിഞ്ഞ്, നമ്മുക്ക് നല്ല ദാനങ്ങൾ തരാൻ കാത്തിരിക്കുന്ന പിതാവിന്റെ സ്നേഹത്തിലേക്ക് ചേർന്ന് നിൽക്കുന്നതാണ് വിശ്വാസ ജീവിതം. ദൈവത്തെ സ്നേഹിക്കാനും അവിടുത്തെ സംരക്ഷണത്തിൽ വിശ്വസിക്കാനും അവിടുത്തെ വാഗ്ദാനങ്ങളിൽ ശരണം വയ്ക്കാനും നമ്മുക്ക് സാധിക്കണം. നമ്മുടെ പ്രാർത്ഥനകൾ ഫലവത്താക്കാൻ വിശ്വാസത്തിന്റെ അടിസ്ഥാനം ആവശ്യമാണ്. ദൈവത്തിന്റെ പദ്ധതിക്കു മുൻപിൽ ഈ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ശിരസ് നമിക്കാൻ നമുക്ക് സാധിക്കണം. ഇങ്ങനെ വിശ്വാസത്തിന്റെ നിറവിൽ ജീവിതം കെട്ടിപ്പടുക്കുന്നവർക്ക് ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടലുകൾ തൊട്ടറിയാൻ സാധിക്കും.

**ബ്ര. ജിബിൻ താഴത്തുവെട്ടത്ത്**
വടവാതൂർ സെമിനാരി

# വാർത്തകൾ

## സീറോ മലബാർ സഭയിൽ പുതിയ മെത്രാന്മാർ

കാക്കനാട്: കാനഡായിലെ സീറോ മലബാർ വിശ്വാസികൾക്കുവേണ്ടി ടൊറോന്റോയിലെ മിസ്സിസൗഗാ ആസ്ഥാനമാക്കി ഒരു അപ്പസ്തോലിക് എക്സാർക്കേറ്റ് സ്ഥാപിച്ചുകൊണ്ടും ആദ്യത്തെ എക്സാർക്കായി റവ. ഡോ. ജോസ് കല്ലുവേലിയെ നിയമിച്ചുകൊണ്ടും പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉത്തരവായി. പാലക്കാട് രൂപതാ വൈദികനായ റവ. ഡോ. ജോസ് കല്ലുവേലിൽ കഴിഞ്ഞ രണ്ടു വർഷമായി ടൊറോന്റോയിലെ പ്രവാസികളായ സീറോ മലബാർ വിശ്വാസികൾക്കുവേണ്ടി അജപാലന ശുശ്രൂഷ നിർവഹിച്ചു വരികയാണ്.

തെലുങ്കാന സംസ്ഥാനത്തുള്ള അദിലബാദ് സീറോ മലബാർ രൂപതയുടെ രണ്ടാമത്തെ മെത്രാനായി റവ. ഡോ. ആന്റണി പ്രിൻസ് പാണേങ്ങാടനെ മാർപാപ്പ നിയമിച്ചു. അദിലാബാദ് രൂപതാ പ്രോട്ടോ സിൻചെല്ലൂസായും കത്തീഡ്രൽ വികാരിയായും സേവനമനുഷ്ഠിച്ചു വരവെയാണ് അദ്ദേഹം മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

മാണ്ഡ്യ രൂപതയുടെ പുതിയ ബിഷപ്പായി സി.എം.ഐ. സഭ മുൻ പ്രിയോർ ജനറാൾ റവ. ഡോ. ആന്റണി കരിയിലിനെ മാർപാപ്പ നിയമിച്ചു. ഇതോടൊപ്പം ബാംഗ്ളൂർ മേഖല കൂടി ഉൾപ്പെടുത്തി മാണ്ഡ്യ രൂപതയുടെ അതിർത്തി പുനർനിർണ്ണയിച്ചും മാർപാപ്പ ഉത്തരവായിട്ടുണ്ട്.

## സീറോമലബാർ സഭാ അസംബ്ലി 2016 ഓഗസ്റ്റിൽ

കാക്കനാട്: 2016 ഓഗസ്റ്റ് 26 മുതൽ 28 വരെ സീറോ-മലബാർ സഭയുടെ അസംബ്ലി നടക്കും. ഇക്കഴിഞ്ഞ ഓഗസ്റ്റ് 17 മുതൽ 29 വരെ നടന്ന സീറോ മലബാർ സിനഡാണ് ഇതുസംബന്ധിച്ച് ഔദ്യോഗിക തീരുമാനം കൈക്കൊണ്ടത്. കുടുംബങ്ങളുടെ പവിത്രത സംരക്ഷിക്കൽ, സഭയുടെ ആർദ്രതയാർന്ന മുഖം, സഭയും സമൂഹവും തമ്മിലുള്ള ബന്ധം, സുവിശേഷവത്കരണത്തിന്റെ സനാതന മൂല്യങ്ങൾ, പരിസ്ഥിതി സംരക്ഷണം, സമർപ്പിത ജീവിതത്തിന്റെ പാവനത, പ്രവാസികളുടെ അജപാലന പോഷണം, ആരാധന ക്രമത്തിലെ കൂട്ടായ്മ എന്നിവയായിരിക്കും അസംബ്ലിയുടെ വിഷയങ്ങൾ. വിവിധ ജീവിത തുറകളിൽപ്പെട്ട 475 പേരോളം അസംബ്ലിയിൽ പങ്കെടുക്കും. 2010 ഓഗസ്റ്റിലാണ് ഇതിനു മുൻപ് സീറോ-മലബാർ സഭാ അസംബ്ലി നടന്നത്.